# അനുബന്ധം

# ചേപ്പാട് മാർ ദീവന്നാസ്യോസ്: ഇടവഴിക്കൽ ഡയറിയിലെ ദൃക്സാക്ഷി വിവരണം

മെത്രാപ്പോലീത്താ കാലം ചെയ്തയുടനെ (1825) പീലക്സീനോസ് മെത്രാപ്പോലീത്താ വന്നു. പിന്നെ ഒരു മെത്രാനെ വാഴിക്കേണ്ടുന്ന സംഗതി കൊണ്ടു വിചാരിച്ചാറെ കല്ലൂപ്പാറ അടങ്ങപ്രത്തു കത്തനാരെ മെത്രാനായിട്ടാക്കിയാൽ സുറിയാനിമതം എളുപ്പത്തിൽ കെടുത്തുവാൻ സംഗതി വരുമെന്ന് മിഷനറികൾ അത്യാഗ്രഹിച്ച് അയാളെ വാഴിക്കണ മെന്ന് അവരും മറ്റുവിധത്തിൽ ശേഷം പേരും പറയുകയും അടങ്ങപ്രത്തു യൗസേപ്പ് കത്തനാരു ദ്രവ്യപ്രിയൻ അല്ലാതെ മതപ്രിയൻ അല്ലാത്തതി നാലും മറിച്ചിൽ ചെയ്യുന്നതിനു തക്കമുണ്ടെങ്കിൽ ഒട്ടുംതന്നെ സംശയി ക്കുന്നവൻ അല്ലാത്തതിനാലും അയാളെ മെത്രാനാക്കുന്നതിനു മെത്രാ പ്പോലീത്തായ്ക്കു തീരെ മനസ്സില്ലാതെ തീരുകയും ചെയ്കകൊണ്ട് മേലെഴുതിയ യൗസേപ്പ് കത്തനാരുടെയും കോനാട്ട് മല്പാൻ അബ്രഹാം കത്തനാരുടെയും ചേപ്പാട്ട് ആഞ്ഞിലിമൂട്ടിൽ ഫീലിപ്പോസ് കത്തനാരു ടെയും പേര് വച്ചു ചീട്ടിയിട്ടാറെ ഫീലിപ്പോസ് കത്തനാർക്കു ചീട്ടി വീണു. ചിങ്ങ മാസം 11-നു അയാളെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ യെന്നു പേരു വിളിച്ചു വാഴിച്ചുംവച്ച് പീലക്സിനോസ് പോകുകയും ചെയ്തു. പിന്നത്തേതിൽ അനുവാദങ്ങൾ വാങ്ങുന്നതിനും ഈ മെത്രാൻ പീലക്സിനോസിന്റെ അടുക്കൽ പോയശേഷം പല ഗുണദോഷങ്ങൾ പറഞ്ഞതിൽ അടങ്ങപ്രത്തു യൗസേപ്പ് കത്തനാരെപോലെ നേരില്ലാത്ത വരില്ലായ്കകൊണ്ട് ആയതു മനസ്സിലുണ്ടായിരിക്കണമെന്നത്രെ പ്രധാ നമായി പറഞ്ഞത്. ...

1830-ൽ വൃശ്ചികമാസത്തിൽ പാതിരി മൊറൂട സായ്പ് വന്ന് സിമ്മ നാരിയിൽ പഠിത്തം മുതലായ കാര്യങ്ങൾ വിചാരിക്കയും ടോറൻ പാതിരി പോകയും ചെയ്തു. എരുത്തിക്കൽ കത്തനാരും ചെങ്ങന്നൂർ ഇക്കു കത്ത നാരും പാതിരി മൊർപീടുമായിട്ടു വിപദിച്ചു ഇവരു സിമ്മനാരിയിൽ പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരു മുതലായവരെ ശിക്ഷിച്ചു എന്ന കാരണ ത്താൽ അപ്പീൽ കോർട്ടിൽ മൂന്നാം ജഡ്ജി ചാത്തന്നൂർ ഗീവറുഗീസ് വന്ന് അയിമോസ്യം പറഞ്ഞ് മുൻപിലത്തെ ന്യായംപോലെ നടത്തുകയും ചെയ്തു. 1832-ൽ കർക്കിടകം ... ചരണങ്ങാലത്തു പള്ളി ... ലൂക്കാ കത്ത

നാരു കൊടുങ്ങല്ലൂർ ഗൊവർണ്ണദോരിനോടു വിപദിച്ച് കോട്ടയത്ത് വന്ന് പാതിരിമാരെയും മെത്രാനെയും കണ്ട് പുത്തൻകൂറിൽ അനുസരിച്ച് സിമ്മനാരിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു. ഈച്ചക ളെല്ലാം വായിലകപ്പെടുമ്പോൾ വാ മുറുക്കിക്കൊള്ളാമെന്നു കരുതി ചീങ്കണ്ണി വാ പൊളിച്ചു കിടക്കുന്നതുപോലെ തെറ്റു ചെയ്തുവരുന്ന ആളു കളെ മെത്രാൻ പാർത്താൽ, പിന്നീട് എല്ലാംകൂടെ അമർത്തികൊള്ളാ മെന്നും മിഷണറി പാതിരിമാർ കരുതി ലൂക്കാ കത്തനാരെ പുത്തനിൽ ചേർപ്പാൻ സഹായിക്കകൊണ്ടും ഒരു പഴുതിൽ നിന്നും ഇളകി വീഴുന്ന ആപ്പ് ആ പഴുതിലും മറ്റൊരു പഴുതിലും ഉറയ്ക്കുന്നതല്ലാഴിക കൊണ്ടും ഇയാളെ കൂട്ടണ്ട എന്നു ഞാൻ പറഞ്ഞാറെ മെത്രാൻ അനുസരിച്ചുമില്ല.

1833-ൽ കർക്കടക മാസത്തിൽ പാതിരി യൗസേപ്പ് പീറ്റ് സായ്പ് ശീമ യിൽ നിന്നും കോട്ടയത്തു വന്നു പഠിപ്പിച്ചു. അപ്പോൾ മെത്രാപ്പോലീ ത്തായുടെ പക്കൽ താക്കോലിരിക്കുന്ന അലമാരിയുടെ താഴ് എരുത്തി ക്കൽ മർക്കോസ് കത്തനാരും അയാളുടെ മരുമകൻ കുട്ടംചിറ ശെമ്മാശും മുഖാന്തിരം ഞായറാഴ്ച പറിപ്പിച്ച് സർവ്വസ്വവും കൊണ്ടുപോകയും അയാൾക്കു തന്നെ സിമ്മനാരിയിൽ വസിച്ചു പഠിപ്പിക്കണമെന്നുള്ള ആഗ്ര ഹംകൊണ്ട് കോനാട്ടു മല്പാനെയും അടങ്ങപ്രത്തു കത്തനാരെയും ഇയ്യാ കത്തനാരെയും സിമ്മനാരിയിൽ നിന്നും അയയ്ക്കയും മെത്രാ പ്പോലീത്തായ്ക്കു വിരോധമായും ബോധീരാ ഒക്കെയും ഈ പാതിരി ഓരോ കാര്യങ്ങൾ ചെയ്കയും സുറിയാനി വേദത്തിനു വിരോധമായി പ്രസംഗിക്കുകയും ചെയ്തതിനാൽ സിമ്മനാരി വിട്ടു മെത്രാപ്പോലീത്താ പള്ളികളിൽ പോയി പാർക്കുകയും ചെയ്തു. 13-ാമത് ലക്കത്തിൽ പറ ഞ്ഞിരിക്കുന്ന ലൂക്കാ കത്തനാരു കൊച്ചിയിൽ പാതിരിയുടെ അടുക്കൽ പോയി പാർക്കുകയും വൈധവിയാകുന്ന കണികോളത്തു കൊച്ചുപെണ്ണ് എന്നവളെ അവിടെ വച്ച് ആ പാതിരി തന്നെ കെട്ടിച്ചു കൊടുത്ത് അവിടെ പാർത്തിരുന്നാറെ അവൾ മരിച്ചുപോകകൊണ്ടും 1834 വൃശ്ചികമാസം 12-നു കോട്ടയത്തു സിമ്മനാരിയിൽ വച്ച് ചെറിയപള്ളി ഇടവകയിൽ ... മാണിയുടെ മകളെ കെട്ടുകയും ചെയ്തു. 1834-ൽ കർക്കടകമാസം പാതിരി ലൂടകോക്കു ശീമയിൽ നിന്നും കോട്ടയത്തു വന്നു പാർക്കയും ചെയ്തു. ...

ഈ ആണ്ട് മകരമാസത്തിൽ കോട്ടയത്തു വന്നു പള്ളികളിൽ കേറി സുറിയാനി മതത്തിനു വിരോധമായിട്ട് പ്രസംഗിക്കുകയും സംസാരിക്കു കയും ചെയ്തു എന്നാറെ ബലഹീനത കൊണ്ടു വിരോധിക്കാൻ ആരാലും കഴിഞ്ഞില്ല. പിന്നത്തേതിൽ അയാളും ബയിലി പാതിരിയും എരുത്തിക്കൽ കത്തനാരും കൂടെ മാവേലിക്കര ചെന്നു മെത്രാപ്പോലീ ത്തായെ കണ്ടു പറഞ്ഞ് കബളിപ്പിച്ച് രണ്ടു വർഷത്തേയ്ക്കു ആർക്കും

പട്ടം കൊടുക്കയില്ലെന്നു ഒരു കടലാസ് എഴുതി എഴുത്തിടുവിച്ച് കൈക്കലാക്കിയും കൊണ്ടു തിരികെ കോട്ടയത്തു വന്ന് സുറിയാനി പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരിൽ ഇംഗ്ലീഷു മതത്തിൽ മനസു വയ്ക്കയില്ലെന്നുള്ളവരെ അയച്ചുകളയുകയും കോനാട്ടു മല്പാൻ പോയശേഷം പാലക്കുന്നത്തു കത്തനാരെ വരുത്തി പഠിപ്പിച്ചു വരികകൊണ്ടു അയാൾ മുഖാന്തിരം ചില ശെമ്മാശന്മാരെയും പൈതങ്ങളെയും നിറുത്തി പഠിപ്പിക്കുകയും ഇവർ സുറിയാനി മര്യാദയ്ക്കു വിരോധമായിട്ടു പറഞ്ഞു തുടങ്ങുകയും പാതിരിമാരുടെ ഇഷ്ടപ്രകാരം നോമ്പ് മുതലായതു വിട്ടു തുടങ്ങുകയും ചെയ്തു.

## മാവേലിക്കര സുന്നഹദോസ്

ഇങ്ങനെയിരിക്കുമ്പോൾ 1835-ാമാണ്ടു വൃശ്ചികമാസം 6-നു കൽക്കത്തായിലെ ലോർഡ് ബിഷപ്പ് ദാനിയേൽ വിൽസൺ അവർകൾ കോട്ടയത്തു വന്നു. ... മെത്രാപ്പോലീത്തായും കോട്ടയത്തു വന്നു തമ്മിൽ കണ്ടാറെ ആറു കൂട്ടം കാര്യങ്ങൾ സുറിയാനി മര്യാദയിൽ നിന്നും വ്യത്യാസം വരുത്തണമെന്നും പറഞ്ഞാറെ ... മെത്രാപ്പോലീത്തായുടെ സ്ഥിര ... ന്തമായിട്ടും ഉടയക്കാവതല്ലെന്നും ... യന്റെ വാക്കായിട്ടും പള്ളിക്കാരുമായിട്ടു നിശ്ചയിച്ചു ബോധിപ്പിച്ചു കൊള്ളാമെന്നും പറയുകയും ചെയ്തു. അപ്പോൾ ഞാനും വെറുവിട്ട കത്തങ്ങളും പാതിരിമാരും കൂടെയുണ്ടായിരുന്നു. പിന്നത്തേതിൽ ബിഷപ്പും പാതിരിമാരും കൂടെ ബെയിലി പാതിരിയുടെ വടക്കേ മുറിയിൽ മെത്രാപ്പോലീത്തായെ തന്നെ കൊണ്ടു പോയി ചില സ്വകാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു ചെറിയപള്ളിയിൽ വന്ന ശേഷം സുറിയാനി മര്യാദ ഇപ്പോൾ തന്നെ വ്യത്യാസം വരുത്താമെങ്കിൽ ആയിരം രൂപ മെത്രാപ്പോലീത്തായ്ക്കു ഇനാം കൊടുക്കാമെന്നും ബിഷപ്പ് പറഞ്ഞു എന്നും മെത്രാപ്പോലീത്താ പറഞ്ഞു. പിന്നത്തേതിൽ ആ ഞായറാഴ്ച ബിഷപ്പ് അവർകൾ കോട്ടയത്തു ചെറിയപള്ളിയിൽ പ്രസംഗം പറഞ്ഞുംവച്ചു പോകുകയും പോകുംവഴി കണ്ടനാടു പള്ളിയിലും പ്രസംഗിക്കുകയും ചെയ്തു. സുറിയാനിപള്ളികൾ കൈക്കലാക്കി എന്നുള്ള അഹമ്മതി മനസ്സിൽ വച്ചുംകൊണ്ട് ഗലിയാനായിൽ ഞാൻ തുറന്നു ആരും പൂട്ടുകയില്ലെന്നു പറഞ്ഞിരിക്കുന്ന പാസോക്കാ കൊണ്ടത്രെ പ്രസംഗിച്ചത്.

ആറു കൂട്ടം കാര്യം വ്യത്യാസം വരുത്തണമെന്നു പറഞ്ഞതിനു വിചാരം.

ഒന്നാമത്, പാതിരിമാരുടെ അനുവാദം കൂടാതെ ആർക്കും പട്ടം കൊടുക്കരുതെന്ന്. രണ്ടാമത്, പള്ളിവക മുതൽകാര്യങ്ങളെ പാതിരിമാരെ ഏല്പിച്ചു ചുമതലപ്പെടുത്തണമെന്ന്. മൂന്നാമത്, മരിച്ചവർക്കുവേണ്ടി

പട്ടക്കാരൻ കുർബ്ബാന ചൊല്ലണ്ട എന്ന്. നാലാമത്, എല്ലാ പള്ളികളിലും പള്ളിക്കൂടം വച്ച് പട്ടക്കാരെ ആശാന്മാരാക്കണമെന്ന്. അഞ്ചാമത്, പട്ടക്കാർ ഇംഗ്ലീഷ് മര്യാദപ്രകാരം പ്രസംഗിക്കണമെന്ന്. ആറാമത്, പല കുർബ്ബാനക്രമങ്ങൾ ഉള്ളതു നീക്കിക്കളഞ്ഞ് ചെറുതായി ഒന്നുണ്ടാക്കി ... ചൊല്ലണമെന്ന്.

മേൽപറഞ്ഞ സംഗതിയിൽ റെസിഡണ്ട് കാസ്മേജർ സായിപ്പ് അവർകൾ കോട്ടയത്തു വന്നു ബിഷപ്പ് അവർകൾ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിചാരിച്ചു വേഗത്തിൽ നടത്തണമെന്നു കലശലായിട്ടു പറക കൊണ്ടും എല്ലാ പള്ളിക്കാരും മാവേലിക്കര പള്ളിയിൽ കൂടത്തക്കവണ്ണം സാധനം എഴുതി എല്ലാവരും കൂടുകയും ചെയ്തു. ഈ ആറു കൂട്ടം കാര്യവും നടക്കത്തക്കവണ്ണം നിശ്ചയിക്കാമെന്നുള്ള ഉറപ്പില്ലാഴിക കൊണ്ടും കൂട്ടത്തിൽ പോകയും അങ്ങനെ നിശ്ചയിക്കാതെ പിരിയുകയും ചെയ്താൽ പാതിരിമാർക്കു നീരസം വരുമെന്നു നിരൂപിക്കകൊണ്ടും എരുത്തിക്കൽ മർക്കോസ് കത്തനാരും അടങ്ങപ്രത്തു യൗസേപ്പ് കത്തനാരും പാലക്കുന്നത്തു അബ്രഹാം കത്തനാരും കൂട്ടത്തിൽ വന്നില്ല. എങ്കിലും ഭയപ്പെടുത്തി കൂട്ടം പിരിക്കുന്നതിനായിട്ടു കൂടിയവരുടെ പേർ എഴുതുവാൻ എന്നും പറഞ്ഞ് ഒരു കടലാസും പെൻസിലും കയ്യിൽ പിടിച്ചുംകൊണ്ട് മർക്കോസ് കത്തനാരു മാവേലിക്കര വന്നു കൂട്ടം പിരിയുവോളം ലാസി നടക്കുകയും തൽക്കമുണ്ടാക്കി കൂട്ടം പിരിക്കുന്നതിനായിട്ടു പുതുപ്പള്ളിൽ കൈതയിൽ വർഗീസ് കത്തനാരെ അയക്കുകയും ചെയ്തു. എന്നാൽ എല്ലാവരും കൂടിയാറെ നിശ്ചയിച്ചു സ്ഥിരപ്പെടുത്തുവാൻ തക്കവർ ചുരുക്കമായിരുന്നു. മൂലമനൂക്കാർ അധികമായിരുന്നു. വല്ലതും സാധ്യം വരുത്താമെന്നുള്ള അത്യാഗ്രഹം കാരണമായി ബിഷപ്പ് ചമക്കുന്നതിൻവണ്ണം അനുസരിക്കുന്നതു കൊള്ളാമെന്നു തെക്കരിൽ മിക്കവർക്കും മനസ്സിൽ ഉണ്ടായിരുന്നു. മെത്രാന്റെ പ്രത്യേകനായിരുന്ന കൊട്ടാരക്കര തെക്കേടത്തു കത്തനാരും ഞാനും തമ്മിൽ ആ സംഗതി വശാൽ വാക്കു കലശലുണ്ടായി. പാക്കു കച്ചവടത്തിനും കപ്പക്കിഴങ്ങു നടുന്നതിനും മറ്റും ത്രാണിയുള്ള വടക്കരോടു കൂടെ ആലോചിപ്പാൻ കഴിയുന്നതല്ലെന്നും പറഞ്ഞ് പോരുവാനായിട്ടു എണീറ്റാറെ മെത്രാപ്പോലീത്താ അവസാനപ്പെടുത്തുകയും യാതൊരു കാര്യം ഉണ്ടായാലും സഭയുടെ പ്രമാണിയും അയാൾക്ക് ഇണങ്ങുന്നവരെയും കൂട്ടി ന്യായമായിട്ടു ആലോചിക്കയല്ലാതെ പള്ളിക്കാരെ കൂട്ടികൂടായെന്നു ഞാൻ നിരൂപിക്കയും ചെയ്തു. കൂട്ടത്തിൽ കോനാട്ട് മല്പാൻ മുതലായ ആളുകൾ ഒഴികെ ശേഷമുള്ളവർ തക്കമെങ്കിൽ തക്കം അല്ലെങ്കിൽ വെക്കമെന്നുള്ള ഭാവത്തോടു കൂടിയാണ് കൂടിയത്. എങ്കിലും ദൈവകൃപ കൊണ്ടും തമ്പുരാനെപെറ്റ എന്നേക്കും കന്യകയായ മറിയത്തിന്റെയും മാർത്തോ

മ്മായുടെയും സഹായംകൊണ്ടും എല്ലാവരും ഒരുമ്പെട്ട് മിഷനറിമാരുമായുള്ള ഐക്യതയെ ഉപേക്ഷിച്ച് ഒരു പടിയോല എഴുതുകയും ചെയ്തു. പടിയോല എഴുതി എഴുത്തിടുവാറായപ്പോൾ മെത്രാനോടു കത്തനാരുപട്ടം ഏറ്റ് പിന്നീട് അത്താനാസ്യോസ് ബാവായോടു ശെമ്മാശുപട്ടം ഏറ്റ് ബാവാ പോയശേഷം കുർബ്ബാന ചൊല്ലിയ 14-ാമത് ലക്കത്തിൽ പറയുന്നപ്രകാരമുള്ള വേങ്കിടത്തു മാത്തു കത്തനാർ ശെമ്മാശു കണ്ണിൽ ദീനമെന്നു പറഞ്ഞു പോകയും ചെയ്തു. എന്നാൽ പടിയോല എഴുതി എല്ലാവരും മെത്രാന്മാരു രണ്ടും ഒപ്പിട്ടു മെത്രാപ്പോലീത്താ ദീവന്നാസ്യോസ് വശം ഏല്പിച്ചു പിരിയുകയും ചെയ്തു.

## മാവേലിക്കര പടിയോല

ആ പടിയോലയുടെ പകർപ്പ്:

ബാവായും പുത്രനും റൂഹാദകുദിശയുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ പള്ളികൾ അവയൊക്കെയുടെയും മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്കരപ്പെട്ടിരിക്കുന്ന ബാവാന്മാരുടെ ബാവായും തലവരുടെ തലവനും ആയ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചകീഴ് മലങ്കര യാക്കോബായ സുറിയാനി പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തിരവൻ മാർ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽ ഉൾപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വിഗാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മിശിഹാകാലം 1836-ക്കു ചേർന്ന കൊല്ലം 1011-ാമാണ്ടു മകര മാസം 5-നു തമ്പുരാനെപെറ്റ കന്യാസ്ത്രീയമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ചു നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലോർഡ് ബിഷപ്പ് ദാനിയേൽ അവർകൾ കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്നു മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനി പള്ളികളിൽ നടന്നുവരുന്ന കുർബ്ബാന, നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസം വരുത്തി നടക്കണമെന്നും പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായി വിചാരിച്ചു നിശ്ചയിച്ചു ബോധിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞിരിക്കുന്ന സംഗതിക്കു.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോക്യായുടെ പാത്രിയർക്കീസിന്റെ വാഴ്ചകീഴ് ഉൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേൽപട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതും ആകയാൽ ആയതിനു വേറൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ

പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ വേറൊരു മതക്കാർ അറിവിക്കുകയും പഠിപ്പിക്കുകയും ചെയ്ക ഒരുത്തർക്കും അധികാരമില്ലാത്തതിനാൽ ആയതിൻവണ്ണം നടത്തിക്കയും ചെയ്യുന്നതിനും നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കൽപനയാൽ അയക്കപ്പെട്ടിരുന്ന മേൽപട്ടക്കാരുടെ സഹായത്താലും അതാത് ഇടവകയിലുള്ള ജനങ്ങളുടെ മനസാലും പണിയിക്കപ്പെട്ടു. അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട് ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടു നടക്കുന്ന നടവരവുകൾ അന്ത്യോക്യായിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലും ഉള്ള അന്യ മതക്കാരുടെ പള്ളികളിലും നടന്നുവരുന്നപ്രകാരം നമ്മളുടെ പള്ളികളുടെ കണക്കു നമ്മുടെ മേൽപട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ചട്ടംകെട്ടി നടന്നുവരുന്നതിന്മണ്ണം അല്ലാതെ വ്യത്യാസമായിട്ടു നടക്കുന്നതിനും നടത്തുന്നതിനും നമുക്കു അധികാരവും സമ്മതവുമില്ല.

കൊല്ലം 813-മാണ്ടു കാലം ചെയ്ത വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടു ബഹുമാനപ്പെട്ട കേണൽ മക്കാളി സായ്പ് അവർകൾ 3000 പൂവരാഹൻ കടം വാങ്ങി കടമുറി എഴുത്തും കൊടുത്തു പലിശ പറ്റിവന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം കൊല്ലം 900-മാണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹുമാനപ്പെട്ട കേണൽ മൺറോ സായ്പ് അവർകളെ ബോധിപ്പിച്ചു വാങ്ങിച്ചു കോട്ടയത്തു സിമ്മനാരി പണിയിച്ചു മുൻ അന്ത്യോക്യയിൽ നിന്നും വന്നിരുന്ന മേൽപട്ടക്കാർ കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തു തറവാട്ടിൽ കഴിഞ്ഞ മേൽപട്ടക്കാരുടെ വസ്തുവകകളും സിമ്മനാരിയിൽ വരുത്തി ആ വകയിൽ ഏതാനും ദ്രവ്യവും സുറിയാനി പൈതങ്ങൾക്കു വേണ്ടി ധർമ്മമായിട്ടു തമ്പുരാൻ തിരുമനസു കൊണ്ടു കല്പിച്ചു തന്നിരുന്ന രൂപായും കാണമിട്ടു പഠിച്ചുവരുന്ന പൈതങ്ങളുടെ ചിലവു കഴിക്കയും അവരുടെ ധാരാളമായ കൃപകൊണ്ടു തന്നെ കോട്ടയത്തു വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിഷണറി സായിപ്പന്മാരവർകൾ ഈ സിമ്മനാരിയിൽ വന്നു ഇംഗ്ലീഷ് മുതലായ ഭാഷകളും കൂടെ പഠിപ്പിച്ചു ദയയുള്ള പിതാക്കന്മാരെ പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ടു പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും നമ്മുടെ പള്ളികളിൽ നടന്നുവരുന്ന സുറിയാനി മര്യാദപോലെ നടക്കുന്നതിനു സായ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്കയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുശീട്ടു എഴുതിക്കൊണ്ടു വാങ്ങിച്ചു ചിലവിട്ടു സിമ്മനാരി ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കയും ഇങ്ങനെ നടന്നുപോയ പ്രകാരവും മേല്പട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കയും ചെയ്തു

വരുമ്പോൾ മെത്രാപ്പോലീത്തായെ സിമ്മനാരി ഇടപെട്ട കാര്യങ്ങളെ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റുശീട്ടിൻപ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായ്പന്മാരു തന്നെ ചിലവിടുകയും പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽ നിന്നും പിരിച്ചയയ്ക്കയും നമ്മുടെ മത മര്യാദയ്ക്കു വിരോധമായിട്ടു വിചാരിക്കയും തമ്മിൽ ഛിദ്രങ്ങൾ ഉണ്ടാക്കുകയും ചെയ്തുവരുന്നതു ഏറ്റവും സങ്കടവും ബുദ്ധിമുട്ടും ആയിട്ടു തീർന്നിരിക്കുന്നതിനാൽ എന്നേക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാകപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാതി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവളും ആയ തമ്പുരാനെപെറ്റ അമ്മയുടെ നമസ്കാരത്താലെയും ശുദ്ധമാകപ്പെട്ടവർ ഒക്കെയുടെയും നമസ്കാരങ്ങളാലെയും നാം രക്ഷപെടേണ്ടുന്നതിനു സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്വത്തിലും ക്രമവിശ്വാസത്തിലും അല്ലാതെ വേറെ യാതൊരു പഠിത്വവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചു കൈക്കൊള്ളുന്നില്ല. ഇവമേൽ ബാവായും പുത്രനും റൂഹാദക്കുദിശായും സാക്ഷി. ആമ്മീൻ.

ഇങ്ങനെ പടിയോല എഴുതി എഴുത്തിട്ടു കഴിഞ്ഞശേഷം പടിയോല മിഷണറി പാതിരിമാർ നമ്മളെ ഉപദ്രവിക്കാതിരിപ്പാനായിട്ടു ഒരു ... വിട്ടു മാത്രമേ ആയിതീർന്നിട്ടുള്ളു എന്നും എത്രയുംവേഗത്തിൽ അന്ത്യോക്യയിൽ നിന്നും ബാവാന്മാരെ അയക്കുന്നതിനു എഴുതിക്കൊടുത്തയച്ചു കൊള്ളാമെന്നും മെത്രാപ്പോലീത്തായോടു ഞാൻ പറഞ്ഞുകൊണ്ടും അത്താനാസ്യോസ് ബാവായെ അയച്ചപ്പോൾ തൊട്ടു അന്ത്യോഖ്യായ്ക്കു ഞാൻ എഴുതി തുടങ്ങിയ വിവരം മെത്രാപ്പോലീത്താ അറികകൊണ്ടും അകമെ നീരസം ഉറയ്ക്കയും ചെയ്തു എങ്കിലും മെത്രാപ്പോലീത്താ മറിഞ്ഞേക്കുമോ എന്നുള്ള ഭയംകൊണ്ടു ഞാൻ കൂട്ടാക്കാതെ ചേർന്നു നിൽക്കയും ചെയ്തു.

പിന്നത്തേതിൽ സുറിയാനി പള്ളികൾ മുഴുവനും ഒന്നിച്ചമർത്തുവാൻ പാടില്ലെന്നും മിഷണറി പാതിരിമാർ നിശ്ചയിച്ചു അവരുടെ ശമ്പളത്തിൽ നിൽക്കുന്ന സുറിയാനിക്കാർ ഇംഗ്ലീഷു മാർഗ്ഗത്തിൽ കൂടാതെ ശമ്പളം കൊടുക്കയില്ലെന്നും പറഞ്ഞു അവരുടെ ശമ്പളക്കാരെ അവരുടെ മാർഗ്ഗത്തിൽ കൂട്ടി തുടങ്ങുകയും ഉപായ ഉപദ്രവങ്ങൾ ചെയ്തു തുടങ്ങുകയും ചെയ്തതിനാൽ സുറിയാനിക്കാരെ വഞ്ചിപ്പാനായിട്ടു മിഷണറി പാതിരിമാർ വന്നിരിക്കുന്നതല്ലാതെ സഹായത്തിനല്ലെന്നു പണ്ടേ തന്നെ ഞങ്ങൾ പറഞ്ഞിട്ടില്ലയോ എന്നു ഇതിനു മുമ്പു മാവേലിക്കര എല്ലാ പള്ളിക്കാരെയും കൂട്ടി പറഞ്ഞ മൊഴികൊണ്ടും അത്താനാസ്യോസ് ബാവായെ കയറ്റി അയച്ചതുകൊണ്ടും അറിവാൻ വയ്യാഞ്ഞോ എന്നും ഇവർ ... മുള്ള മിഷണറിമാർ ആയിരുന്നു എങ്കിൽ വേദപുസ്തകത്തിൽ പറഞ്ഞി

രിക്കുന്നതിൻവണ്ണം മിശിഹായെ അറിയാതെയിരിക്കുന്ന പുറജാതിക ളോടും ഒരിക്കൽ എങ്കിലും അവന്റെ പേർ പറയാതെ മറ്റു ചിലരുടെ അദ്ധ്വാനം കൊണ്ടു ക്രിസ്തുവിന്റെ സഭയായി തീർന്നിരിക്കുന്ന സുറി യാനിക്കാരുടെ പള്ളികൾ തട്ടിയെടുക്കാനായിട്ടു തന്നെ ശ്രമിക്കുമോ എന്നും റോമ്മാക്കാർ മുതലായവർ പറഞ്ഞു പരിഹസിച്ചു തുടങ്ങുകയും ചെയ്തു.

പിന്നത്തേതിൽ മല്ലപ്പള്ളി എന്ന ദിക്കിൽ സുറിയാനിക്കാർക്കു ഒരു പള്ളി വച്ചശേഷം ആ പള്ളിക്കാരെ തമ്മിൽ വിപദിച്ച് പിന്നെയും അവിടെ ഒരു പള്ളി കൂടെ വയ്ക്കണമെന്നു അതിൽ പന്നിക്കുഴിയിൽ ഈപ്പനും മൂടയിൽ ഈപ്പൻ മുതൽപേരും കൂടി മെത്രാപ്പോലീത്തായെ ബോധിപ്പി ച്ചാറെ ആയതു സമ്മതിക്കാതെയിരിക്കുമ്പോൾ മിഷണറിമാർ അവിടെ ചെന്ന് പള്ളിക്കു കല്ലിട്ടു കൊടുക്കുകയും മേൽപറഞ്ഞിരിക്കുന്ന 13-ാമത് ലക്കപ്രകാരമുള്ള ലൂക്കാ കത്തനാരെ ഇവര് മുഖാന്തിരം അവിടെ ആക്കി കൊടുക്കയും ചെയ്തു. അയാളും ഇംഗ്ലീഷിൽ ചേർന്നു നടക്കയും ചെയ്തു. ...

(2) പിന്നത്തേതിൽ റെസിഡണ്ട് സായ്പിനെകൊണ്ട് മെത്രാപ്പോലീ ത്തായെ ഉപദ്രവിപ്പിച്ചു സുറിയാനി മതഭേദം വരുത്തി നടത്തിക്കണമെന്നും മിഷണറിമാരും മേലെഴുതിയ കത്തങ്ങൾ നാലുപേരും കൂടി നിശ്ചയിച്ചും കൊണ്ട് മെത്രാപ്പോലീത്താ കാനോൻപ്രകാരം നടത്തുന്നില്ലെന്നും അതി നാൽ വരുത്തി കേട്ടു നടത്തിച്ചു കൊടുക്കണമെന്നും ഒരു സങ്കട വര്യോല എഴുതിയുണ്ടാക്കിയുംകൊണ്ട് മേലെഴുതിയ കത്തങ്ങൾ സായ്പിന്റെ അടുക്കൽ പോയ വിവരം ഞാൻ അറിയുകയാൽ കൊടുങ്ങല്ലൂർ ഗൊവർ ണ്ണദോരിനോടു വിരോധമായിട്ടു നടക്കുന്ന വായിപ്പൂര് കോര ശെമ്മാശനെ കൊണ്ട് മേലെഴുതിയ ഗൊവർണ്ണദോരു കാനോൻപ്രകാരം നടത്തുന്നി ല്ലെന്നും അതിനാൽ വരുത്തി കേട്ടു നടത്തിച്ചു കൊടുക്കണമെന്നും ഒരു ഹർജി എഴുതിച്ചു സായ്പിന്റെ പേർക്ക് അഞ്ചലിൽ കൊടുത്തയച്ചു. ആയതു വായിച്ചു കണ്ടാറെ അതാതു മതകർത്തവ്യക്കാരെ വരുത്തി മതമര്യാദപ്രകാരം നടത്തുന്നുണ്ടോ എന്നു വിചാരിച്ചാൽ ആയതു നട ക്കുന്നതല്ലെന്നും റെസിഡണ്ട് സായ്പ് അവർകൾ നിശ്ചയിച്ച് ആ സങ്ക ടത്തെ തള്ളിയ സമയത്ത് മേലെഴുതിയ കത്തങ്ങൾ ചെന്നു മെത്രാപ്പോ ലീത്തായുടെ പേർക്കു മെലെഴുതിയപ്രകാരം സങ്കടം വയ്പാൻ ഇടവന്ന കാരണത്താൽ അവരുടെ സങ്കടവും കൈക്കൊള്ളാതെ അയയ്ക്കയും ചെയ്തു.

നെച്ചൂർ പള്ളിയിൽ മാളിയേക്കൽ പൗലോസ് കത്തനാരുടെ വികാ രിത്തം മാറ്റിനൽകണമെന്നും വരിക്കോലിൽ തോമ്മാ കത്തനാരും കാട്ടിൽ കത്തനാരും കാവായേൽ യോഹന്നാൻ കത്തനാരും കൂടെ ഈ മെത്രാ പ്പോലീത്തായോടു പറഞ്ഞാറെ ആയതു നടത്തിക്കാഴ്ക കൊണ്ട് പള്ളി

വക വസ്തുക്കളും വികാരിയുടെ വസ്തുക്കളും വച്ചു പൂട്ടിയിരിക്കുന്ന മുറിക്കു ഇവർ മേമ്പൂട്ട് ഇട്ടിരിക്കുന്ന സംഗതിയിങ്കൽ 1835-ൽ കോത മംഗലത്തു പോകുംവഴി മെത്രാപ്പോലീത്താ അവിടെ കേറി താഴ് അറു പ്പിച്ച് മേൽനടപ്പിനു ഒരു വര്യോലയും എഴുതിച്ച് പോയ സംഗതിക്കു, രാത്രികാലങ്ങളിൽ മെത്രാപ്പോലീത്താ മുതൽപേരു വന്നു താഴ് പറിച്ച് മുതൽകാര്യങ്ങൾ കൊണ്ടുപോയി എന്നും ബലംചെയ്ത് വര്യോലയ്ക്കു എഴുത്തിടുവിച്ചു എന്നും പതിനെട്ടു മാസശേഷം പാതിരിമാരും കൂടി റെസിഡണ്ട് സായ്പ് അവർകളുടെ അടുക്കൽ സങ്കടം വയ്പിച്ച് കോർട്ടിൽ വിസ്തരിക്കുന്നതിനു ഉത്തരവ് കൊടുപ്പിക്കുകയും ചെയ്തു. പിന്നത്തേ തിൽ ആ ഉത്തരവിൻപ്രകാരം മെത്രാപ്പോലീത്തായുടെ പേരിൽ ഇവർ വച്ച ആവലാതി എടുത്തു വിസ്തരിക്കായ്കകൊണ്ട് പിറവത്തു മണ്ട പത്തുംവാതുക്കൽ പോലീസ് ഗുമസ്തനെ മാറ്റി ആളാക്കി മെത്രാപ്പോ ലീത്തായുടെ പേരിൽ വെയ്ക്കുന്ന ആവലാതികൾ എടുത്തു നമ്പരിൽ ചേർത്തു വിസ്തരിച്ചുകൊള്ളത്തക്കവണ്ണം മണ്ടപത്തുംവാതിൽകൾ ക്കെല്ലാം ഉത്തരവ് കൊടുത്തയക്കയും ഈ സംഗതി കൊല്ലം 1011-മാണ്ട് വക 1060 നമ്പരിൽ ചേർക്കയും ചെയ്തു. പിന്നത്തേതിൽ പിറവത്തു മണ്ടപത്തുംവാതുക്കൽ നിന്നും സമനും വാറണ്ടും നോട്ടീസും വരിക യാൽ ആ സംഗതിക്കായിട്ടും മുഖം കാട്ടുന്നതിനായിട്ടും മെത്രാപ്പോലീ ത്തായും പള്ളിക്കാരും 1836-ൽ തുലാ മാസം 4-നു നിരണത്തു നിന്നും യാത്രപുറപ്പെട്ടു തിരുവനന്തപുരത്തിനു പോകയും ചെയ്തു. എന്നാൽ തിരുവനന്തപുരത്ത് എത്തിയാറെ മെത്രാപ്പോലീത്തായുടെ അനന്തിരവൻ ഫീലിപ്പോസ് കത്തനാരുടെ അമ്മായിയപ്പനാകുന്ന കൈപ്പട്ടൂർ കൊച്ചു കോശിയും പിന്നെ തെക്കേ ദിക്കുകാർ ചിലരും മെത്രാപ്പോലീത്തായ്ക്കു ഗുണദോഷികളും ഇക്കാര്യം വിചാരികളും ആയിത്തീർന്നതിനാൽ ബുദ്ധി മോശം കൊണ്ടും ദൈവകോപം കൊണ്ടും ദിവാൻജിയെ തന്നെയും കാണുന്നതിനും മുഖം കാട്ടുന്നതിനും വളരെ താമസം വരികയും ചെയ്തു. അവിടെ വെച്ചുണ്ടായ കുഴപ്പങ്ങൾ എഴുതുവാൻ പാടില്ലാ എങ്കിലും കൊച്ചുകോശി മുതലായവരുടെ ഭാവവും ഭള്ളും സ്ഥിരമില്ലാ യ്മയും കൊണ്ട് കാര്യസാധ്യം കുഴയുന്നതിനാലും ചോദിച്ചു പ്രവൃത്തി ക്കുന്നതു അവർക്കു അപമാനമെന്നുള്ള ഭാവം കണ്ടതിനാലും തിരിയെ കോട്ടയത്തിനു പോകുവാൻ രണ്ടു പ്രാവശ്യം ഞാൻ ഒരുങ്ങിയാറെ പുതു പ്പള്ളി താഴത്തു ചെറിയതു കത്തനാരും ... ഉതുപ്പാൻ കത്തനാരും വിരോ ധിച്ചതുകൊണ്ടു പോരാതെ താമസിക്കയും ചെയ്തു. പിന്നത്തേതിൽ ഒരുവിധത്തിൽ തുലാ മാസം 10-നു 7 മണിക്കു മുഖം കാട്ടത്തക്കവണ്ണം തലേദിവസം കല്പന വന്നശേഷം മുഖം കാട്ടുന്നതിനായിട്ടു പള്ളിക്കാർ കൊണ്ടുവന്നിരിക്കുന്ന പണം മെത്രാപ്പോലീത്തായ്ക്കു എടുക്കണമെന്നാ ഗ്രഹിച്ചുംകൊണ്ട് എന്നെ അറിയിക്കാതെ അന്നസ്തമിച്ച് എട്ടുനാഴിക

ഇരുട്ടിയശേഷം പള്ളിക്കാരെ വിളിച്ചുകൂട്ടി പള്ളിക്കാർ വിവരം വിവരമായിട്ടു മുഖം കാട്ടുന്നതിനു സമയമില്ലെന്നും അതിനാൽ പള്ളിക്കാരുടെ പണം കൂടെ മെത്രാപ്പോലീത്താ വാങ്ങിച്ചു വച്ച് മുഖം കാട്ടിയാൽ മതിയെന്നും, ആയതേ കഴിയൂ എന്നും സർവ്വാദികാര്യക്കാരു പറഞ്ഞപ്രകാരം പറഞ്ഞ് പണം വാങ്ങിച്ചു തുടങ്ങിയശേഷം ഈ വിവരം ഞാൻ അറിഞ്ഞു. ചെറിയതു കത്തനാരും ഒരുമിച്ച് അവിടെ ചെന്നു. മുഖം കാട്ടുന്നതിനായിട്ടു പള്ളിക്കാരും ഇതുവരെ താമസിച്ച് ബുദ്ധിമുട്ടി വരുമ്പോൾ ഇപ്രകാരം ആകുവാൻ എന്തെന്നും പള്ളിക്കാരു കൂടെ മുഖം കാട്ടുവാൻ വിചാരിച്ചാറെ കഴിഞ്ഞില്ലെങ്കിൽ ആ വിവരം പറയാഞ്ഞത് എന്തെന്നും ചോദിച്ചാറെ എല്ലാവരും ... നേരം അർദ്ധരാത്രി ആയി എങ്കിലും എല്ലാവരും വിവരം വിവരമായിട്ടു മുഖം കാട്ടുന്നതിനു ബോധിപ്പിച്ച് ഇപ്പോൾതന്നെ ചട്ടംകെട്ടാമെന്നും ഞാൻ പറഞ്ഞ് കോട്ടയ്ക്കകത്തു പോയി തിരികെ വന്നു പള്ളിക്കാരുടെ പണം തിരിയെ കൊടുപ്പിക്കുകയും ചെയ്തു. പിറ്റേ ദിവസിയാകുന്ന 10-നു വെള്ളിയാഴ്ച കാലത്തു മുഖം കാട്ടുകയും ചെയ്തു. മെത്രാപ്പോലീത്താ മൂന്ന് കുത്ത് പട്ടും 51 തങ്കക്കാശും വച്ചു മുഖം കാട്ടി. അപ്പോൾ 12 പള്ളിക്കാർ ഉണ്ടായിരുന്നതിനാൽ പള്ളി ഒന്നുക്കു നൂറിതേ കലിപ്പണം വച്ച് പള്ളിക്കാരു മുഖം കാട്ടി. മെത്രാപ്പോലീത്തായ്ക്കു കല്പിച്ചു ഒരു സാലുവാ കൊടുക്കയും ചെയ്തു. ഉടൻ തന്നെ മറ്റൊരു സ്ഥലത്തു വച്ച് ഇളയതമ്പുരാന്റെയും മുഖം കാട്ടുകയും മൂന്നു കുത്തു പട്ടും 300 കലിപ്പണവും മെത്രാപ്പോലീത്താ മാത്രം വയ്ക്കയും ചെയ്തു. രണ്ടു തിരുമനസുകൊണ്ടും മെത്രാപ്പോലീത്തായും നിൽക്കയത്രെ ചെയ്തത്. തമ്പുരാക്കന്മാരു രണ്ടുപേരുടെയും കല്പന വേണ്ടുംപ്രകാരം ആയിരുന്നു. പിറവത്തുകാരുടെ സംഗതി ഇടപെട്ടും മിഷണറിമാരുടെ ഉപദ്രവം ഇടപെട്ടും ഈ മാർഗ്ഗത്തെ നിലനിർത്തി രക്ഷിക്കേണ്ടുന്ന സംഗതി ഇടപെട്ടും ചുരുക്കമായിട്ടു മാത്രമേ തിരുമനസറിയിച്ചുള്ളു. എന്നാറെ കീഴ്മര്യാദ പോലെ നടത്തിക്കൊള്ളണമെന്നു കൽപനയാകയും മുഖം കാട്ടി കഴിഞ്ഞയുടൻ തന്നെ പള്ളിക്കാർ പിരിയുകയും ഞാൻ കോട്ടയത്തിനു പോരികയും ചെയ്തു.

പിന്നത്തേതിൽ പിറവത്തെ സംഗതിക്കായിട്ടു മെത്രാപ്പോലീത്താ അവിടെ പാർത്തിരിക്കുമ്പോൾ പിറവത്തു പോയി വിസ്തരിക്കുന്നതിനു ഉത്തരവെഴുതി മെത്രാപ്പോലീത്തായുടെ കയ്യിൽ കൊടുക്കയും ചെയ്തു. മിഷണറി പാതിരിമാരുടെ ശല്യങ്ങൾക്കു ബംഗാളത്തിനും മദിരാശിക്കും മെത്രാൻ എഴുതുകയും ചെയ്തു. ഇപ്രകാരമൊക്കെയും ചെയ്താറെയും പിറവത്തെ കാര്യത്തിനു മണ്ടപത്തുംവാതുക്കൽ ചെല്ലാതെയിരിപ്പാൻ കഴിയാതെ മെത്രാപ്പോലീത്താ പിറവത്തു മണ്ടപത്തുംവാതുക്കൽ പോയിയും ആലപ്പുഴ കോർട്ടിൽ പോയിയും വിസ്തരിക്കയും ചെയ്തു.

പിറവത്തും ആലപ്പുഴയും വിസ്തരിക്കുന്നതിനു പുതുപ്പള്ളിക്കാർ ഏറ്റവും സഹായിക്കയും വിസ്താരസമയത്തും വിസ്താരം കഴിഞ്ഞശേഷവും പുതുപ്പള്ളിയിൽ തന്നെ പാർപ്പിക്കയും ചെയ്തു.

എന്നാൽ പുതുപ്പള്ളിയിൽ പാർത്തിരിക്കുമ്പോൾ ബംഗാളത്തിനും മദ്രാസിനും എഴുതിയിരുന്നതിന്റെ മറുപടി വരിക കൊണ്ടും മാവേലിക്കര വച്ചു എഴുതിയ പടിയോല കൊണ്ട് മിഷണറി പാതിരിമാരുടെ ഐക്യത അറുത്തു തിരിച്ചതു പോരാ എന്നു നിരുവിക്കകൊണ്ടും എല്ലാ പള്ളികൾക്കും സാധനം എഴുതുകയും ചെയ്തു.

പകർപ്പ്:

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്താ എഴുത്ത്.

നമ്മുടെ അങ്കമാലി പള്ളിയിലെ വിഗാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും എണങ്ങരും കൂടെ കണ്ടെന്നാൽ.

ഏറ്റവും ബഹുമാനപ്പെട്ട ഇംഗ്ലീഷ് കമ്പനി വകയിൽ നിന്നും നമുക്ക് വരുവാനുള്ള വട്ടിപ്പണം വാങ്ങിച്ചു കോട്ടയത്തു സിമ്മനാരി പണി ചെയ്യിച്ച് ശെമ്മാശന്മാരെയും പൈതങ്ങളെയും വരുത്തി നമ്മളുടെ വേദമര്യാദകൾ പഠിപ്പിച്ചു വരുമ്പോൾ ഈ സിമ്മനാരിയിൽ ഇംഗ്ലീഷ് മുതലായ ഭാഷകളും കൂടെ അഭ്യസിപ്പിക്കണമെന്നും അവർക്ക് ആഗ്രഹമുള്ളപ്രകാരം ഇംഗ്ലീഷ് മിഷണറിമാർ അപേക്ഷിക്കകൊണ്ട് ആയതുകൂടെ പഠിപ്പിക്കുന്നതിനു സമ്മതിച്ച് അപ്രകാരം നടന്നുവരുന്ന സംഗതിയിങ്കൽ നമ്മളുടെ മര്യാദയ്ക്കു വിരോധമായിട്ടുള്ള പഠിത്വങ്ങൾ ശെമ്മാശന്മാരു മുതലായ ആളുകളെ പഠിപ്പിക്കുകയും പള്ളികളിൽ മുമ്പിനാലെ നടന്നുവരുന്ന മര്യാദകൾക്കും ചട്ടത്തിനും വിരോധമായിട്ടു സംസാരിക്കുകയും തമ്മിൽ ഛിദ്രങ്ങൾ ഉണ്ടാക്കുന്നതിനു ശ്രമിക്കയും ചെയ്തുവരുന്നതുമല്ലാതെ സുറിയാനി മര്യാദപ്രകാരം ഉള്ള കുർബ്ബാന, നമസ്കാരം മുതലായതു വ്യത്യാസം വരുത്തി നടക്കണമെന്നും മിഷണറിമാരും ലോർഡ് ബിഷപ്പ് അവർകളും കൂടി പറഞ്ഞാറെ ആയതു അസാധ്യമെന്നു നിശ്ചയിച്ചതു കാരണത്താൽ അവർ നമുക്കും സുറിയാനി മതത്തിനും വിരോധികളായി ചമഞ്ഞും ചില പ്രദേശങ്ങളിൽ ബുദ്ധിഹീനന്മാരായിട്ടുള്ള ആളുകളെ പറഞ്ഞു കബളിപ്പിച്ച് പള്ളികളിൽ കലഹങ്ങളും അഴിമതികളും ഉണ്ടാക്കുകയും അവരുടെ മതത്തിൽ ചേർക്കയും ചെയ്തുവരുന്ന സംഗതികൾ ഇടപെട്ടു തിരുമനസറിയിച്ചാറെ കീഴ്മര്യാദപ്രകാരം എല്ലാ കാര്യങ്ങളും വിചാരിച്ചു നടത്തികൊള്ളണമെന്നും കല്പനയായിരിക്കുന്നതു കൂടാതെയും ഈ സംഗതികൾക്കും സിമ്മനാരി വക ആധാരങ്ങൾ മുതലായതു സിമ്മനാരിയിൽ തന്നെ വച്ചുപൂട്ടി നമ്മുടെ പക്കൽ താക്കോലി

രിക്കുമ്പോൾ മിഷണറിമാർ ബലാൽക്കാരമായിട്ടു താഴുപറിച്ച് ആധാരങ്ങൾ മുതലായതു എടുത്തുകൊണ്ടുപോയിരിക്കുന്ന സംഗതിക്കും കൂടെ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ബംഗാളം, മദ്രാസ് ഈ രണ്ടു ഗവർണർ കൗൺസലിലേക്കും എഴുതി ബോധിപ്പിച്ചാറെ മിഷണറിമാർ നമ്മുടെ കർത്തവ്യത്തെ അതിക്രമിച്ചതുപ്രകാരമുള്ള അഴിമതികൾ ചെയ്തിരിക്കുന്നതിനാൽ അവർ കുറ്റപ്പെട്ടിരിക്കുന്നു എന്നും അവരു ചെയ്തിരിക്കുന്ന അക്രമങ്ങൾ ഈ സംസ്ഥാനത്തുള്ള ലോക്കൽ ത്രിബുനാൽ കോർട്ടിൽ വച്ച് വിസ്തരിക്കുന്നതിനും പള്ളി മതമര്യാദ ഉൾപ്പെട്ട കാര്യാദികൾ വ്യത്യാസം വരുത്തുന്നതിനു സുപ്രീംഗവർണർ ജനറൽക്കു പോലും ഏർപ്പെടുവാൻ കഴിയുന്നതല്ലെന്നും 1836-മാണ്ടു വക 2010 നമ്പ രിലും 1837-മാണ്ടു വക 183-ാം നമ്പരിലും 187-ാം നമ്പരിലും എഴുതിയ കൽപനകൾ നമുക്കു വന്നിരിക്കുന്നതിനാൽ നാം നിങ്ങളെ അറിയപ്പെടുത്തുന്നതു. ആഴ്ചതോറും മാസംതോറും കത്തങ്ങൾ മാറി മാറി വികാരിത്വം നടക്കുന്നതിനാൽ ദൈവകാര്യം ജനങ്ങളെ പഠിപ്പിക്കുന്നതിനും പള്ളി മത മര്യാദ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിച്ചു നടത്തുന്നതിനും കത്തങ്ങൾക്കു താൽപര്യകുറവായിട്ടു തീർന്നിരിക്കകൊണ്ട് അറിവും പഠിത്വവും പ്രാപ്തിയുമുള്ള കത്തങ്ങളെ തിരഞ്ഞെടുത്ത് വികാരിമാരായിട്ടു താമസിയാതെ എല്ലാ പള്ളികളിലും നിയമിച്ച് ചട്ടപ്പെടുത്തുന്നതാകകൊണ്ടു മേലെഴുതിയപ്രകാരം ഉള്ള അഴിമതികൾ നടക്കാതെയിരിക്കേണ്ടുന്നതിനു

ഒന്നാമത്, യാക്കോബായ സുറിയാനിക്കാരായ നമ്മളുടെ മതമര്യാദ പ്രകാരം എല്ലാ പള്ളികളിലും നടന്നുവരുന്ന നോമ്പ്, നമസ്കാരം മുതലായ നന്മപ്രവൃത്തികളിലും പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും കത്തങ്ങൾ താൽപര്യപ്പെട്ടിരുന്നുകൊൾകയും ജനങ്ങളെ താൽപര്യപ്പെടുത്തികൊൾകയും

രണ്ടാമത്, മിഷണറിമാരുടെ മതത്തിൽ ചേരുന്നവരെയും നമ്മളുടെ മതത്തിനു വിരോധമായി സംസാരിക്കുന്നവരെയും പള്ളിയിൽ നിന്നു തിരിച്ചുകൊൾകയും

മൂന്നാമത്, അങ്ങിനെയുള്ള ആളുകൾക്കു വിവാഹത്തിനു പെൺ കൊടുക്കാതെയും അവരോടുകൂടെ യാതൊരു ഗുണദോഷത്തിൽ കൂടാതെയും കൂട്ടാതെയും ഇരുന്നുകൊൾകയും

നാലാമത്, മിഷണറിമാർ എങ്കിലും അവരുടെ മതത്തിൽ ചേർന്നിട്ടുള്ള യാതൊരുത്തർ എങ്കിലും നമ്മുടെ പള്ളിയിൽ കയറി യാതൊരു കാര്യവും ചെയ്യാൻ സമ്മതിക്കാതിരിക്കുകയും ബലാൽക്കാരമായിട്ടു ചെയ്യുന്നു എങ്കിൽ ഉടൻ നമ്മെ എഴുതി ബോധിപ്പിച്ചുകൊൾകയും

അഞ്ചാമത്, മൂന്നുമ്മേൽ കുർബ്ബാന മുതലായ അടിയന്തിരങ്ങൾക്കു

വേറുവിട്ടു കത്തങ്ങൾ കൂടെ വേണമെന്നുണ്ടായിരുന്നാൽ അടുത്ത പള്ളികളിൽ നിന്നും കത്തങ്ങളെ വരുത്തി അടിയന്തിരം കഴിച്ചുകൊള്ളുന്നതല്ലാതെ ഒരു പള്ളിയിലുള്ള കത്തങ്ങൾ മറുപള്ളികളിൽ കയറി നമ്മുടെ അനുവാദം കൂടാതെ യാതൊരു കാര്യവും ചെയ്യാതെയും ചെയ്യിക്കാതെയും ഇരുന്നുകൊൾകയും വേണം.

ഇത് 1010-മാണ്ടു മീനമാസം 13-നു പുതുപ്പള്ളി പള്ളിയിൽ നിന്നും എഴുത്ത്.

ഇപ്രകാരം എല്ലാ പള്ളികൾക്കും ഈ മാസത്തിൽ പല തീയതിയിലായിട്ടു സാധനങ്ങൾ എഴുതി അയയ്ക്കയും ചെയ്തു.

എന്നാൽ ഇപ്രകാരം സാധനം എഴുതികഴിഞ്ഞശേഷം അന്ത്യോഖ്യായ്ക്കു എഴുതണമെന്നു മെത്രാപ്പോലീത്തായോടു മുറുകകൊണ്ടും ആയതിനു മനസ്സില്ലാതെ തീരുകയാൽ ഞാനും മെത്രാപ്പോലീത്തായുമായിട്ടു സ്പഷ്ടമേ വിപദിച്ച് അന്ത്യോഖ്യായ്ക്കു ഞാൻ എഴുതുകകൊണ്ടും മാവേലിക്കര വച്ച് എഴുതിയ പടിയോലയും ഈ സാധനവും കാരണമായി മിഷണറി പാതിരിമാരുമായിട്ടുള്ള ഐക്യത വേർതിരിഞ്ഞതിനാൽ ഇനി മനസ്സുള്ളവരെ അല്ലാതെ മെത്രാപ്പോലീത്തായെ സ്വാധീനപ്പെടുത്തികൊണ്ടു മുഴുവനും മറിപ്പാൻ കഴിയുന്നതല്ലെന്നു നിരൂപിക്കകൊണ്ടും മെത്രാപ്പോലീത്തായിൽ നിന്നു ഞാൻ വിട്ടുമാറുകയും ചെയ്തു.

എങ്കിലും ഈ സമയത്ത് സുറിയാനിമതം മിഷണറി പാതിരിമാരാലും എരുത്തിക്കൽ മർക്കോസ് കത്തനാരു മുതലായ സുറിയാനി മതക്കാരാലും ഉപദ്രവിക്കപ്പെടുന്നതും അതിനെ മറിപ്പാൻവേണ്ടി ചെയ്യുന്ന ഉപായവേലയും കണ്ടാൽ ഏറ്റവും വ്യസനത്തിനു ഇടയുണ്ട്. എന്നാലും ഈ സമയത്ത് രണ്ടുവിധത്തിൽ ഏതുവിധമായാലും അതിൽ ഉയർന്നിരിക്കണമെന്നുള്ളതുകൊണ്ടത്രെ ഇവർ പെരുമാറി വരുന്നത്. അതെങ്ങനെയെന്നാൽ ഇരിക്കുന്ന വൃക്ഷം പിടരുന്നു എങ്കിൽ മറ്റു വൃക്ഷത്തേലോട്ടു ചാടുവാൻ തക്കവണ്ണമുള്ള വഴി കണ്ടെത്തിയും ഇരിക്കുന്ന കൊമ്പ് ഒടിയുന്നു എന്നാൽ മറ്റൊരു ചില്ലിയേൽ പറ്റിപ്പിടിപ്പാൻ തക്കവണ്ണമുള്ള തരം കണ്ടു നിശ്ചയിച്ചുംകൊണ്ട് ഉയർന്ന വൃക്ഷത്തിൽ കയറി ഇരിക്കുന്ന ...ൽ ആസനവും ഇടത്തും വലത്തുമുള്ള കൊമ്പുകളിൽ കാൽപാദം രണ്ടും തലയ്ക്കുമീതെ ... ല്പികളിൽ കൈ രണ്ടും ഉറപ്പിച്ച് തന്നത്താൻ കരുതിക്കൊണ്ടിരിക്കുന്ന മർക്കട കൂട്ടത്തെപ്പോലെ മെത്രാപ്പോലീത്താ ജയിക്കുന്നു എങ്കിൽ ഞങ്ങൾ മിഷണറിമാരുടെ കൂടെ കൂടിനിന്നു എങ്കിലും അവർ എടുത്ത പെരുന്തടി ഞങ്ങൾ പറഞ്ഞുവച്ചിരുന്നതിനാൽ അത്രെ ആയതു ഒടിവാനും ഞങ്ങൾ ജയിപ്പാനും ഇടവന്നു എന്നും പറഞ്ഞും കൊണ്ട് ഉയരുന്ന സ്ഥലത്തു നിൽപ്പാൻ തക്കവണ്ണമത്രെ ഇവർ പെരു

മാറി വരുന്നത്. ഈ തരങ്ങൾ അറിയുന്നതിനു മെത്രാപ്പോലീത്തായ്ക്കു ത്രാണിയില്ലായ്കകൊണ്ടും വളരെ കാര്യവീഴ്ചയും വഴിതപ്പലും അതിനാൽ അപമാനവും സംഭവിച്ചു വരുന്നു. മിഷണറി പാതിരിമാർ ഇവരുടെ വഞ്ചനയും അവരുടെ മാർഗ്ഗത്തിൽ കൂടിയിരിക്കുന്ന ശമ്പളക്കാരുടെ വഞ്ചനയും നല്ലതിൻവണ്ണം അറിഞ്ഞിരിക്കുന്നു എങ്കിലും അവരുടെ മേലാവിൽ ഇരിക്കുന്ന ആളുകൾക്കു നല്ല റിപ്പോർട്ട് കൊടുപ്പാനായിട്ടും അറിഞ്ഞുംകൊണ്ടു വ്യഭിചാരിയെ വിവാഹം കഴിക്കുന്ന മണവാളനെപ്പോലെ വഞ്ചനയായി അവരുടെ മാർഗ്ഗത്തിൽ ചില ശമ്പളക്കാരെ കൂട്ടി വരുന്നു. എന്നാൽ തൽക്കാലത്തേക്കു തന്റെ യജമാനനെ ബോധം വരുത്തുവാനായിട്ടു ദേഹം ഉലയ്ക്കാതെ കാട്ടിൽ ചെന്നു തോട്ടം ... കൂട്ടത്തിൽ നിന്നു വിട്ടുപോരുന്ന പള്ളികൾ പറിച്ച് യജമാനന്റെ തോപ്പിൽ വേലികെട്ടുന്ന ഭൃത്യനെപ്പോലെ അല്ലാതെ ദൈവത്തെ ബോധം വരുത്തുവാനായിട്ടു ഒരു വേലയും മിഷണറി പാതിരിമാർ ചെയ്യുന്നില്ല. എന്നാലും ദ്രവ്യം കൊടുക്കയെങ്കിലും ഉപദ്രവിക്കയെങ്കിലും ചെയ്വാൻ എന്തെങ്കിലും ചെയ്യുന്നതിനും കേൾക്കുന്നതിനും മലയാളത്തിലുള്ളവരെപ്പോലെ വേഗമുള്ളവർ എങ്ങുമില്ല. ദ്രവ്യം കിട്ടുമെന്നു തോന്നിയാലും ഉപദ്രവിച്ചേക്കുമെന്നു തോന്നിയാലും മതി. എന്നാൽ മുമ്പേ പറങ്കികൾ ഉപദ്രവം കൊണ്ടും ഉപായം കൊണ്ടും ഉപകാരം ചെയ്തും മലയാളത്തിൽ സുറിയാനിക്കാരെ തട്ടിയെടുത്ത് അവർക്കു സഭയുണ്ടാക്കിയ പ്രകാരം ഇവരും സഭയുണ്ടാക്കുന്നു എങ്കിൽ അത് ദൈവത്താലെന്നു നിശ്ചയിപ്പാൻ പാടില്ല. അതെന്തെന്നാൽ മഹാരാക്ഷസനായ ഗോലിയാത്ത് മഹാചെറുപ്പമായ ദാവീദിനെ കൊന്നു എങ്കിൽ അതൊരു അത്ഭുതമല്ല. ഇതാ ചെറിയവനായ ദാവീദ് ആ രാക്ഷസനെ കൊന്നു. അത് അത്ഭുതവും ദൈവശക്തിയും ആകുന്നു. ഇത് യാക്കോബായ സുറിയാനിക്കാർ മലയാളത്തിൽ വന്നു അവരുടെ മേലാവിൽ നിന്നു ശമ്പളം കൂടാതെയും ആർക്കും ശമ്പളം കൊടുക്കാതെയും ഉപദ്രവിക്കയും ഉപദ്രവിപ്പിക്കയും ചെയ്യാതെയും ഉപദ്രവങ്ങൾ സഹിച്ചിരുന്ന അവരുടെ വാക്കുകൊണ്ട് അവരേക്കാൾ വലിയവരെ വിശ്വസിപ്പിച്ച് മാമ്മൂദീസാ മുക്കി ദൈവസഭയാക്കി അവരാൽ ഇവരുടെ ജീവനം കഴിച്ചത് മഹാ വലിയ അത്ഭുതവും ദൈവശക്തിയും ആകുന്നു. ഇതാ പറങ്കികളുടെ അത്യുഗ്ര സമയമാകുന്ന കൊല്ലം 678-ാം കാലത്തിൽ സുറിയാനിക്കാരായ മേൽപട്ടക്കാർ മലയാളത്തിൽ 65 പള്ളിയും സഭയും ഉണ്ടാക്കിയതു മഹാ അത്ഭുതവും ദൈവശക്തിയും ആകുന്നു. വിശേഷിച്ചും നിഗളം കൊണ്ടും മത്സരം കൊണ്ടും വാശി കൊണ്ടും ദ്രവ്യമോഹം കൊണ്ടും സത്യനിലയിൽ നിന്നു തെറ്റുന്നവർ സത്യത്തുങ്കൽ തിരിഞ്ഞുവരുവാൻ പ്രയാസമാകുന്നു. അത് എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ളവരുടെ ഹൃദയം പിശാചുക്കളുടെ അശുദ്ധിയാകുന്ന ഭവനവും അവർ പിശാചുക്കളും ആകുന്നു. കേട്ടാലും ഇതാ

മുഖ്യന്മാരായിരുന്ന മാലാഖമാർ നിഗളം, വാശി മുതലായതുകൊണ്ട് സത്യത്തിൽ നിന്നു തിരിഞ്ഞാറെ ഇതുവരെയും അനുതാപം കിട്ടാതെ യിരിക്കുന്നു. ദ്രവ്യമോഹം കൊണ്ട് സ്കറിയോത്തായ്ക്കും പൊല്ലാപ്പു തന്നെ സംഭവിച്ചു. അതുതന്നെയുമല്ല, ഇങ്ങനെയുള്ളവരോടു സംസാ രിച്ചാൽ അവർ വാശിയിൽ ഉൾപ്പെട്ടിരിക്കകൊണ്ട് അവർക്ക് അസത്യ വാശി വർദ്ധിക്കുകയേ ഉള്ളൂ. എന്നാൽ ദൈവം ചെകുത്താന്മാരായിട്ടു ഒരു വർഗ്ഗത്തെ സൃഷ്ടിച്ചിട്ടില്ലാഞ്ഞു. അഹമ്മതി, വാശി മുതലായതു മാലാഖമാരിൽ പുക്കപ്പോൾ അവർ ചെകുത്താന്മാരായി തീർന്നു. അവ രിൽ പ്രവേശിച്ച അഹമ്മതി, വാശി മുതലായതു മനുഷ്യരിൽ പുക്കാൽ അവരും സാമാന്യം അങ്ങനെതന്നെ ആകകൊണ്ട് അങ്ങനെയുള്ളവർ പരിശുദ്ധ വേദപുസ്തകങ്ങളിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളുടെ അർത്ഥം പരിച്ചതമായി പറഞ്ഞാൽ അതു സംശയിപ്പാനുണ്ട്. എന്നാൽ മിശിഹാ സംവത്സരം 470-ൽ റോമാ പാപ്പാ സുറിയാനിക്കാരോടും 1517-ൽ ഇംഗ്ലീഷ് പട്ടക്കാരൻ ലൂഥർ പാപ്പായോടും അഹമ്മതി കൊണ്ടും വാശി കൊണ്ടും വിപദിച്ച് പരിശുദ്ധ പുസ്തകങ്ങൾ അവരുടെ വാശിയോടും കൂടെ ശോധന ചെയ്ത് ചില പുസ്തകങ്ങളും കണ്ടുപഠിത്വത്താൽ അല്ലാത്ത ചില ആചാരക്രമങ്ങളും ഉണ്ടാക്കി രണ്ടു കൂട്ടക്കാരും പുറപ്പെ ട്ടിരിക്കകൊണ്ട് ഇവരെക്കുറിച്ചും ഇവരുടെ ചായ്വിനെക്കുറിച്ചും അവരു ണ്ടാക്കിയ പുസ്തകങ്ങളെക്കുറിച്ചും സുറിയാനിക്കാർ മുതലായ പണ്ടത്തെ ക്രിസ്ത്യാനിക്കാർക്കു ഏറ്റവും സംശയിപ്പാൻ ആവശ്യമുണ്ട്. എന്നാൽ ഈശോമിശിഹായും തന്റെ ശിഷ്യന്മാരും ബലഹീനതയുള്ള ആടുകളെപ്പോലെ ഏവൻഗേലിയോനെ ചുമന്നുംകൊണ്ട് ചെന്നായ്ക്ക ളുടെ ഇടയിൽ സഞ്ചരിച്ച് അവരിൽ ഉള്ള പരിശുദ്ധാത്മാവിനാൽ ദൈവ സഭയുണ്ടായി. അത് മഹാ അത്ഭുതം തന്നെ. ഇപ്പോൾ ഇതാ മിഷണറി മാർ മുതലായ ചെന്നായ്ക്കൾ ആടുകളാകുന്ന സുറിയാനിക്കാരെ അവരുടെ ഉഗ്രമായ കണ്ണുകൊണ്ടു നോക്കിയും അവരുടെ മൂർച്ചയുള്ള നഖങ്ങൾകൊണ്ട് മാന്തിയും അവരുടെ പഞ്ജര എതൃകൾ കൊണ്ടു കഴിച്ചും അതിൽ ആശപ്പെടുന്നവന്റെ ആത്മം അതിനാൽ നശിക്കുന്ന തായ ദ്രവ്യത്തെ കൊടുത്തും അവരുടെ മതത്തിൽ ചേർക്കുന്നു. അത് ദൈവസഭയെന്നു പറവാൻ ദൈവത്താലുള്ളവർക്കു പ്രയാസം തന്നെ. മലയാളത്തിലുള്ള സുറിയാനിക്കാർ തുർക്കി രാജ്യത്തു ആയിരുന്നു എങ്കിൽ പണ്ടേ തന്നെ അവർ തുർക്കികളായി തീർന്നേനേ. അത് തന്നെ യുമല്ല, നിവിയാ എന്നെ വന്ദിച്ചാൽ ഇതെല്ലാം നിനക്കു തരാമെന്നു ഈശോമിശിഹായോടു പറഞ്ഞ ആ ചെകുത്താൻ ഇപ്പോൾ വന്ന് അപ്ര കാരം ഇവരോടു പറഞ്ഞു എങ്കിൽ ഇവർക്കും ഒരു മറുപേരു എളുപ്പ ത്തിൽ കിട്ടിയേനെ. ഭാവത്തിലും അവസ്ഥയിലും നിശ്ചയമായി അങ്ങനെ തന്നെയിരിക്കുന്നു എങ്കിലും അത് ദൈവത്തിനേ നല്ല തിട്ടമുള്ളൂ. എന്നാൽ

ഇംഗ്ലീഷ് വേദത്തിൽ കൂടി അവരോടു ആരെങ്കിലും അതിനെക്കുറിച്ചു ചോദിച്ചാൽ ശമ്പളം മാറ്റുവോളം ഇങ്ങനെയിരിക്കട്ടെന്നും നിനക്കു ഈ ശമ്പളം കിട്ടിയതിൽ നീയും അങ്ങനെ തന്നെ ചെയ്തേനെ എന്നും പറയുന്നു. എന്നാൽ ആ വാക്ക് ഏറ്റവും ദൈവദൂഷണ വാക്കാകുന്നു. എനിക്കു കിട്ടിയ 30 വെള്ളിക്കാശ് നിനക്കു കിട്ടിയിരുന്നു എങ്കിൽ നീ തന്നെയും മിശിഹായെ ഒറ്റിയേനെ എന്നു പത്രോസിനോടു യൂദാ സ്കറിയോത്താ പറഞ്ഞാൽ അത് സാമാന്യം ദൂഷണവാക്കാകുന്നു. എന്നാൽ ഈ സമയത്ത് സുറിയാനി മതത്തിന്റെ ഇടയനും ആടുകളും ഉപദ്രവിക്കപ്പെടുന്നതിനാൽ അത്ഭുതപ്പെടുവാൻ പാടില്ല. അന്ത്യോഖ്യായിലെ യാക്കോബായ സുറിയാനിക്കാർ മിശിഹായുടെ കടിഞ്ഞൂൽ സഭയാകയാൽ എനിക്കുള്ള രാജിതം ഇഹലോകത്തിൽ അല്ലെന്നും മിശിഹാ കൽപിച്ചതു തന്റെ സ്വജാതിക്കാരാൽ താൻ കഷ്ടതപ്പെട്ടപ്രകാരം തന്നെ മറ്റുള്ള യാതൊരുത്തരെയും ഉപദ്രവിച്ചു പാപത്തിൽ ഏർപ്പെടാതിരിപ്പാനായിട്ടു സുറിയാനി സഭക്കാരെ ബലഹീനന്മാരാക്കി ദൈവം കൽപിച്ചതും ക്രിസ്ത്യാനികളാകുന്നവർ അത്തരക്കാർ എന്നു പറയുന്ന പോർത്തുഗീസുകാരുടെ പട്ടക്കാരാകുന്ന ശമ്പാളു പാതിരിമാരായ ബലവാന്മാരാൽ പണ്ടും ഇംഗ്ലീഷുകാരുടെ പട്ടക്കാരാകുന്ന മിഷണറി പാതിരിമാരായ ബലവാന്മാരാൽ ഇപ്പോഴും സുറിയാനി മതവും സഭയും ഉപദ്രവിക്കപ്പെടുന്നതു കണ്ടാൽ തൊട്ടതിനു പോയിട്ടു ഭക്ഷണത്തെ ആഗ്രഹിച്ചിട്ടും അല്ലാതെ വിശ്വസിച്ചു മാമോദീസാ മുങ്ങിയ മലയാളത്തിലുള്ള സുറിയാനിക്കാർക്കും മറ്റുള്ള ബോധജ്ഞാനപ്പെട്ടവർക്കും എത്രയും ആനന്ദം തോന്നുവാനുള്ളതാകുന്നു. അതു തന്നെയുമല്ല നിങ്ങളെ ഉപദ്രവിക്കുന്നവർ അവരുടെ നാശത്തിനും നിങ്ങളുടെ സന്തോഷത്തിനും ആയി ഉപദ്രവിക്കുന്നതാകയാൽ സന്തോഷിപ്പിൻ എന്നും അവന്റെ പുത്രനെ പിതാവ് ശിക്ഷിക്കുന്നപ്രകാരം ദൈവത്തിനു സ്നേഹമുള്ളവരെ താൻ ശിക്ഷിക്കുന്നു എന്നും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മറ്റു ചിലരാൽ ഉപദ്രവിക്കപ്പെടുന്നു എങ്കിലും അത് വിശ്വാസത്തിന്റെ ഉറപ്പിനുവേണ്ടി ദൈവത്താലുള്ള സ്നേഹശിക്ഷയാകകൊണ്ടും സത്യസുറിയാനിക്കാർ ഈ ഉപദ്രവത്തിൽ എത്ര സന്തോഷിപ്പാനുള്ളതാകുന്നു. അതു തന്നെയുമല്ല പിശാചുക്കൾ രുചിയും മേനിയും ഉള്ള ഫലത്തെ ചൂണ്ടിക്കാണിച്ച് സുറിയാനിക്കാരെ വഞ്ചിക്കുന്നു എങ്കിലും പിശാചുക്കൾ തീർച്ചയ്ക്കു വഞ്ചിക്കുകയും ഫലത്തെ അകത്താക്കിയും കൊണ്ട് ആദം രക്ഷിക്കപ്പെടുകയും ചെയ്തപ്രകാരം ദ്രവ്യാഗ്രഹത്തെ കൈക്കലാക്കിയുംകൊണ്ടും ഇവരെ ഇവർ ലജ്ജിപ്പാകുന്നതാകകൊണ്ട് ഇവർ ദ്രവ്യം കൊടുത്തു മതത്തിൽ ചേർക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ മിഷണറിമാർ ഈ പ്രദേശത്തു വന്നാറെ ഇവിടങ്ങളിൽ നടപ്പില്ലാത്ത ദൈവവഞ്ചനയും ഉപായങ്ങളും നടപ്പാകുവാൻ ഇടവന്ന

വിവരവും സുറിയാനിക്കാർ ഇംഗ്ലീഷുമതത്തിൽ കൂടുവാൻ മനസ്സായിരിക്കുന്നു എന്നു കള്ളറിപ്പോർട്ട് കൊടുത്തയച്ചിരിക്കുന്ന വിവരവും പുത്തനായിട്ടു ചില സായ്പന്മാരു വരുമ്പോൾ ഏറിയ ആളുകളെ ഉപായം കൊണ്ടു പ്രസംഗത്തിനു വരുത്തി ഇവർ ഇംഗ്ലീഷുമതത്തിൽ ചേർന്നവരെന്നു തോന്നിച്ചയക്കുന്ന വിവരവും ചക്രം കൊടുത്ത് അവരുടെ മതത്തിൽ ചേർക്കുന്ന വിവരവും ശമ്പളംകൊട മാറ്റുമ്പോൾ മതം മാറിപ്പോകുന്ന വിവരവും ബഹുമാനപ്പെട്ട ചർച്ച് മിഷണറി സൊസൈറ്റി സഭയിൽ ഗ്രഹിപ്പാൻ ഇടവന്നാൽ ഇവർക്കു ഏറ്റവും ദോഷമായിട്ടു തീരുമെന്നു തോന്നുന്നു.

എന്നാൽ മിഷണറിമാർ മലയാളം ഭാഷയായി അച്ചടിച്ചിരിക്കുന്ന പുസ്തകങ്ങളിൽ വളരെ പിഴയും അർത്ഥതെറ്റും യുക്തിഭേദവും കാണുന്നു. അവർ കൊടുക്കുന്ന പുസ്തകങ്ങൾ ചിലർ വായിച്ചുംകൊണ്ട് അവരവരുടെ മൂഢതയായ ബോധത്തിൽ തോന്നുന്നപ്രകാരം ദൈവവിരോധമായി അർത്ഥവും യുക്തിയും എടുത്തു സംസാരിക്കയും ചെയ്തു വരുന്നു. അതിനാൽ ഗുരുവിനാൽ അഭ്യസിച്ചവനോടു അഭ്യസിക്കാതെ തന്നത്താൻ അഭ്യസിക്കുന്നതും പല ഭാഷകളും അഭ്യസിച്ചിരിക്കുന്ന മല്പാന്മാരു കൂടാതെ ഏകൻ തന്നെ വേദപുസ്തകം ഭാഷപ്പെടുത്തുന്നതും ഭാഷപ്പെടുത്തി കഴിഞ്ഞാൽ പിന്നെയും ഭാഷപ്പെടുത്തുന്നതിൽ ഏർപ്പെടാതുള്ള പല മല്പാന്മാരു ഒരുമിച്ചുകൂടി വായിച്ചു കേട്ടു അവർ നിശ്ചയിക്കാതെ വായിപ്പാൻ കൊടുക്കുന്നതും കുറെ പോരാത്തതെന്നു തോന്നുന്നു. വേദപുസ്തകം തന്നത്താൻ വായിക്കയും അർത്ഥം നിശ്ചയിക്കയും ഭാഷപ്പെടുത്തുകയും ചെയ്യുന്നതിനു റോമ്മാ പാപ്പാ അനുവദിക്കാത്തതു ഇതു കരുതിയെന്ന് ഇപ്പോൾ തോന്നുന്നു. എങ്കിലും ആ വിരോധംകൊണ്ട് ഇതിനു മുമ്പിൽ പാപ്പായെ ഞാൻ ശപിച്ചുകൊണ്ടിരുന്നു. എന്നാൽ മല്പാന്മാർ സകലപേരെയും പുസ്തകവും അതിന്റെ സാരവും ചൊല്ലിക്കൊടുത്തു പഠിപ്പിപ്പാൻ ആവശ്യമായിരിക്കുന്നു. ആയതിനു സമയമില്ലെങ്കിൽ കാതോലിക്കാപള്ളി സകല വേദപുസ്തകവും രണ്ടു വാക്കിലായിട്ടമർത്തി ഒരുവൻ തമ്പുരാനെ സ്നേഹിക്കായെന്നും തന്നെത്താൻ സ്നേഹിക്കുന്നതിൻവണ്ണം മറ്റ് എല്ലാവരെയും സ്നേഹിക്ക എന്നും പറഞ്ഞിരിക്കുന്ന രണ്ടു വാക്കും കാതോലിക്കാ പള്ളിയുടെ വിശ്വാസവും പഠിപ്പിക്കുന്നതു ഉത്തമമെന്നു തോന്നുന്നു. ആയതല്ലെങ്കിൽ പുസ്തകം വായിക്കുന്നവൻ അർത്ഥവും യുക്തിയും തനിക്കു തോന്നുന്നതു അങ്ങനെ തന്നെയോ എന്നു പലരോടും ആലോചിക്കണം. വെടി വയ്ക്കുന്നതിനു നിശ്ചയമില്ലാത്തവൻ വെടി വയ്ക്കയും ലാക്കെന്നു തെറ്റുമ്പോൾ ലാക്കു നേരെ അല്ലാഞ്ഞു എന്ന് പറയുകയും ചെയ്യുന്നതു ഈ മണ്ണിൽ അധമമാകുന്നു. ....

## ഒരു കല്പന

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്താ എഴുത്ത്.

നമ്മുടെ കോട്ടയത്ത് വലിയപള്ളിയിലെ വിഗാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും എണങ്ങരും കൂടെ കണ്ടെന്നാൽ.

ബാഗ്ദാദിൽ നിന്നും വന്നവരുടെ പക്കൽ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അടുക്കലേക്കു വേണ്ടുംപ്രകാരം എഴുത്ത് കൊടുത്ത് വേഗത്തിൽ അയക്കണമെന്നു നാം നിശ്ചയിച്ചിരിക്കകൊണ്ട് അവർക്ക് ഇവിടെ നിന്നും ബാബേൽ എത്തുന്നതിനു മാത്രമുള്ള ചിലവ് ഇപ്പോൾ കൊടുത്ത് ഈ മാസം 15-ാം തീയതിക്കു ഉരുവിൽ കയറത്തക്കവണ്ണം അയക്കുന്നതിനു അടിയന്തിരമാകയാൽ ആ പള്ളിയിൽ നിന്നും 25 കലിയൻ ഈ വരുന്ന ആളിൻവശം കൊടുത്തയച്ച് ആ വസ്തുതയ്ക്കു എഴുതി വരികയും വേണം. ശേഷം വിവരം നിങ്ങൾ ഇവിടെ വരുമ്പോൾ പറകയും ചെയ്യാം. 1014-മാണ്ടു മീന മാസം 5-നു കായങ്കുളത്തു പള്ളിയിൽ നിന്നും.

പകർപ്പ്:

കൂടെ കണ്ടെന്നാൽ. പെരികെ പെരികെ ബഹുമാനപ്പെട്ടതും സ്തുതിക്കപ്പെട്ടതും സ്തുതികളാലെ പ്രഭല്ല്യപ്പെട്ടതും ദൈവീകത്തിനടുത്ത നന്മകൾ ഒക്കെയും നിറയപ്പെട്ടതുമായ അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കൽപന കഴിഞ്ഞ മീന മാസത്തിൽ നമുക്കു വന്നതിൽ 1001-മാണ്ടു ഇവിടെ വന്നുപോയ അത്താനാസ്യോസ് മെത്രാപ്പോലീത്താ മലയാളത്തു വഴക്കുകൾ ഉണ്ടാക്കിയ സംഗതിക്കും കുറ്റം ചൊല്ലി പിന്നീട് കൽക്കിദൂനാക്കാരുടെ മതത്തിൽ ചേർന്നതിനാൽ ബഹുമാനപ്പെട്ട മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായിൽ നിന്നും സുന്നഹദോസിൽ നിന്നും മഹറോനേൽക്കപ്പെട്ടു എന്നും ആ വിവരം മലയാളത്തുള്ള ഇടവകകളിൽ നാം അറിയിച്ചുകൊള്ളണമെന്നും കണ്ടിരിക്കകൊണ്ടും ഇനിമേൽ ആയാളിന്റെ നാമം കുർബ്ബാന, നമസ്കാരം മുതലായ ദൈവശുശ്രൂഷകളിൽ ഓർക്കപ്പെടുകയും അരുത്.

1014-മാണ്ടു ഇടവമാസം 7-നു ചേപ്പാട്ടു പള്ളിയിൽ നിന്നും എഴുത്തു.

## ഗവർണർക്ക് ഒരു സങ്കട ഹർജി

... മദ്രാസിൽ എത്രയും പെരികെ ബഹുമാനപ്പെട്ടിരിക്കുന്ന ഗവർണർ സായിപ്പ് അവർകളുടെ സന്നിധാനത്തുങ്കലേക്കു മലയാളത്തെ

സുറിയാനി സഭക്കാരായ കത്തങ്ങളും ക്രിസ്ത്യാനികളും കൂടെ എഴുതി ബോധിപ്പിച്ചുകൊള്ളുന്ന സങ്കടം.

എന്നാൽ മലയാളത്തിലുള്ള യാക്കോബായ സുറിയാനിക്കാരായ ഞങ്ങളുടെ മതമര്യാദകളുടെ അലശലുകളും പഠിത്വക്കുറച്ചിലും പൂർത്തിയാക്കി തരേണ്ടുന്നതിനായിട്ടും മലയാളത്തിൽ മാരാമണ്ണു പള്ളിയിൽ പാലക്കുന്നത്ത് അബ്രാഹം കത്തനാരും അയാളുടെ അനന്തിരവൻ മത്തായി ശെമ്മാശും വേർപെട്ട ചില ആളുകളും കുറഞ്ഞൊരു സംവത്സരം മുമ്പെ തന്നെ സുറിയാനി വേദത്തെയും മതമര്യാദകളെയും വിട്ടു പിരിഞ്ഞ് അവരുടെ സ്വയമ്പാൽ ചില പള്ളിക്രമങ്ങളും ചട്ടങ്ങളും ഉണ്ടാക്കി നടന്നു വരുന്നതിനാൽ ആ വിവരം ബോധിച്ചിരിക്കേണ്ടുന്നതിനായിട്ടും എത്രയും ബഹുമാനപ്പെട്ടിരിക്കുന്ന അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ പേർക്കു എഴുതി അയച്ച് അവിടെ നിന്നും മറുപടി കൽപന വന്നിരിക്കുന്ന സംഗതിയിങ്കൽ ഈയാണ്ടു ഇടവമാസത്തിൽ മേലെഴുതിയ മത്തായി ശെമ്മാശു ഇവിടെ വന്ന് അയാൾ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ പോയിരുന്നു എന്നും മലയാളത്തിലേക്കു മെത്രാപ്പോലീത്താ ആയി അയാളെ പട്ടം കെട്ടി സുസ്താത്തിക്കോനും കൊടുത്ത് അയച്ചിരിക്കുന്നു എന്നും ഞങ്ങളോടു പറകയാൽ സുറിയാനി മതത്തിൽ നിന്നും അയാളും അയാളുടെ കാരണവനും വേർപെട്ടു നടന്നുവരികയും ആ വിവരത്തിന് എഴുതി അറിയിക്കയും ചെയ്തിരിക്കുമ്പോൾ ഇതിന്മണ്ണം വരുവാൻ സംഗതിയില്ലെന്നും ഏതെങ്കിലും വ്യാജമുണ്ടെന്നും എങ്കിലും എല്ലാവരും കൂടി സുസ്താത്തിക്കോൻ കണ്ട് വ്യാജം തെളിയിച്ചുകൊള്ളാമെന്നും നിശ്ചയിച്ച് ഞങ്ങളുടെ മെത്രാപ്പോലീത്തായും ഇപ്പോൾ മെത്രാനായിട്ടു വന്നിരിക്കുന്ന ആളും ഞങ്ങൾ സഭാംഗങ്ങളും കഴിഞ്ഞ മാസം 10-നു കണ്ടനാട്ടു പള്ളിയിൽ കൂടിയാറെ കുറഞ്ഞോരു സംവത്സരമായിട്ടു സുറിയാനി മതമര്യാദയിൽ നിന്നു അയാൾ വേർതിരിഞ്ഞു വെറുവിട്ടു മതത്തിൽ നടന്നുവരുമ്പോൾ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ ചെല്ലുവാനും സ്ഥാനം ഏൽപ്പാനും എന്തെന്നും ചോദിച്ചാറെ ആയതിനു ഉത്തരം പറയാതെയും സുസ്താത്തിക്കോൻ എടുത്തു കാണിക്കണമെന്നു പറഞ്ഞാറെ കാണിക്കാതെയും പോയിരിക്കുന്നതും പിന്നീട് ഞങ്ങൾ വിചാരിച്ചാറെ സുറിയാനി മതത്തിൽ നിന്നു ഇയാൾ വേർതിരിഞ്ഞു പോയ വിവരം പാത്രിയർക്കീസ് ബാവായുടെ അടുക്കൽ എഴുതി അയച്ചിരിക്കുന്നതിനാൽ ഇയാൾ ശെമ്മാശനായിരിക്കുമ്പോൾ കത്തനാരെന്നും മത്തായി എന്ന പേരായിരിക്കുമ്പോൾ മത്തിയൂസെന്നും ആൾമാറ്റമായിട്ടും ബോധിപ്പിച്ച് സ്ഥാനം ഏറ്റിരിക്കുന്നു എന്നും അയാൾ കൊണ്ടുവന്നിരിക്കുന്ന സുസ്താത്തിക്കോനിൽ പല വെട്ടിതിരുത്തും ചുരണ്ടി എഴുത്തും

ഉണ്ടെന്നും അതിനാൽ കാണിക്കാതെ കൊണ്ടുപോയിരിക്കുന്നു എന്നും സൂക്ഷ്മമായി കേൾക്കുന്നതും ഇയാളുടെ ദുർനടപ്പിന്റെ വിവരം പാത്രിയർക്കീസ് ബാവായ്ക്കു എഴുതി അയച്ചിരിക്കുമ്പോൾ ഒരു പ്രകാരത്തിലും ഇയാളെ മെത്രാനായിട്ടു ആക്കി അയപ്പാൻ ഇടയില്ലാത്തതും ഞങ്ങളുടെ മെത്രാപ്പോലീത്തായുടെ പേർക്കു തിരുവിതാംകൂർ, കൊച്ചി രണ്ടു സംസ്ഥാനത്തുനിന്നും വിളംബരം പ്രസിദ്ധപ്പെടുത്തി നടന്നുവരുമ്പോൾ ഇയാൾ ഇങ്ങനെയുള്ള വ്യാജങ്ങൾ ചെയ്തു തൊന്തരവുകൾ ഉണ്ടാക്കുന്ന സംഗതിക്കു രണ്ടു സംസ്ഥാനത്തെ റെസിഡണ്ട് സായിപ്പ് അവർകൾക്കും ദിവാൻജി അവർകൾക്കും ഞങ്ങളുടെ മെത്രാപ്പോലീത്താ എഴുതി അയച്ചിരിക്കുന്നതു കൂടാതെയും ഈ വിവരത്തിനു അന്ത്യോഖ്യായുടെ ബഹുമാനപ്പെട്ട ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ പേർക്ക് ഉടനെ എഴുതി അയയ്ക്കുന്നതും ആകയാൽ ഇപ്രകാരമുള്ള ... കൊണ്ടു നടന്ന ഞങ്ങളുടെ പള്ളികളിൽ ചിദ്രങ്ങളും കലഹങ്ങളും വേദവിപരീതങ്ങളും ഉണ്ടാക്കാതെയിരിപ്പാൻ തക്കവണ്ണം ചട്ടം കെട്ടിത്തരുന്നതിനു ഞങ്ങളുടെ ... ഗവണ്മെന്റിലേക്കു എഴുതി ബോധിപ്പിച്ചിരിക്കുന്നതാക കൊണ്ട് കൃപാകടാക്ഷമുണ്ടായി റസിഡണ്ട് സായിപ്പ് അവർകൾക്കു കൽപന കൊടുത്തയച്ച് ഞങ്ങളെ രക്ഷിച്ചുകൊള്ളുമാറാകണമെന്നും ഏറ്റവും വളരെ സങ്കടത്തോടും ഭയത്തോടും കൂടെ ഞങ്ങൾ അപേക്ഷിക്കുന്നു.

എന്ന് 1843-മത കന്നി മാസം 7-നു.

## ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ രാജി

74. 1845-മത മിഥുന മാസം 13-നു ഹലാബിൽ നിന്നും എഴുതി തപാൽ വഴി കൊടുത്തയച്ച കടലാസ് ചിങ്ങ മാസം 15-നു വന്നുചേരുകയും ചെയ്തു. അതിൽ യൂയാക്കീമെന്നു പേരാകുന്ന കൂറിലോസ് മെത്രാപ്പോലീത്തായെ അയച്ചിരിക്കുന്നപ്രകാരവും മറ്റും എഴുതിയിരിക്കുന്നു.

75. മേലെഴുതിയ മാർ കൂറിലോസ് മെത്രാപ്പോലീത്തായെ അയച്ചിരിക്കുന്ന സംഗതി ഇടപെട്ടും മറ്റും പാത്രിയർക്കീസ് ബാവാ എഴുതിയ കടലാസും പോന്നിരിക്കുന്ന മാർ കൂറിലോസ് ബാവായുടെ കടലാസും തപാൽവഴി ഈ ആണ്ട് കന്നി മാസം 17-നു വന്നുചേരുകയും ആയതിന്റെ മറുപടി എഴുതി തുലാമാസം 16-നു തപാലിൽ ഏൽപിച്ചു കൊടുത്തയയ്ക്കുകയും ചെയ്തു. പിന്നെയും ചിലവിനു ഏറ്റവും ബുദ്ധിമുട്ടാകുന്നുയെന്നും വടിയും സ്ലീബായും കാപ്പകൂട്ടവും പണയം വച്ചു എന്നും അനുജൻ മക്കുദിശാ ഗബറിയേലിനെ വിൽപാൻ അന്വേഷിച്ചു വരുന്നുയെന്നും എഴുതിവരികയാൽ കോനാട്ടു മൽപാനച്ചൻ മുഖാന്തിരം 23 രൂപായും പുതുപ്പള്ളിൽ മാളിയേക്കൽ ചെറിയ കത്തനാരു .... രൂപായും കല്ലൻപറമ്പിൽ മാമ്മൻ 100 രൂപായും കോലത്തുകളത്തിൽ പുന്നൂസ്

മുതൽപേരു 78 രൂപായും ഇതിന്മണ്ണം 778 രൂപായിൽ 518 രൂപാ ബോംബെ യിൽ എത്തിക്കയും ശേഷം രൂപാ പിന്നീട് കൊടുക്കയും ചെയ്തു.

76. ഈ ബാവാ കൊടുത്തയച്ച പാത്രിയർക്കീസിന്റെ കടലാസിൽ മത്തിയൂസ് മെത്രാനെ മഹറോൻ ചൊല്ലിയിരിക്കുന്നപ്രകാരം എഴുതി യിട്ടുണ്ടായിരുന്നു. പിന്നീട് ഈ ബാവാ എന്റെ പേർക്കും പള്ളിക്കാരുടെ പേർക്കും ആയി മെസ്രേനിൽ കെയ്റോയിൽ നിന്നു 1845-മതു തുലാ മാസം 7-നു എഴുതിയ കടലാസിൽ മത്തിയൂസ് മെത്രാന്റെ പേർക്ക് പാത്രിയർക്കീസിന്റെ വാഴ്വിന്റെ കടലാസ് എഴുതി കയ്യിൽ വന്നു ചേർന്നി രിക്കകൊണ്ട് വരുമ്പോൾ കൊണ്ടുവരുമെന്നും മറ്റും എഴുതിയിട്ടുണ്ടായി രുന്നു. പിന്നത്തേതിൽ വാഴ്വിന്റെ കടലാസ് ഉണ്ടെന്നും 500 രൂപ കൊടു ത്തയക്കണമെന്നും മത്തിയൂസ് മെത്രാന്റെ പേർക്ക് എഴുതിയ കടലാസ് ആ ദേഹത്തിനു കിട്ടുകയും ചെയ്തു.

77. പിന്നീടും ബാവാ ബോംബെയിൽ വന്നശേഷം ഞാനും ദീവന്നാ സ്യോസും മറ്റു കത്തങ്ങളും കൊച്ചിയിൽ പോയി പാർക്കയും ചെയ്തു. അവിടെ പാർത്തിരിക്കുമ്പോൾ ഞാൻ മുഖാന്തിരം എഴുത്തുകൾ അയച്ച് ബാവാ വരുന്നതാകകൊണ്ടും വരുന്നതിൽ ദീവന്നാസ്യോസിനു ഒട്ടും സന്തോഷമില്ലാഴികകൊണ്ടും ഞങ്ങൾ തമ്മിൽ മിണ്ടാതെ അത്രെ പാർത്തിരുന്നത്.

78. ഇങ്ങനെ പാർത്തിരിക്കുമ്പോൾ ബോംബെ ഗവണ്മെന്റ് സെക്ര ട്ടറി അവർകളുടെ ഒരു കടലാസ് ബാവായുടെ പേർക്കായിട്ടു തപാലിൽ വന്നത് ദീവന്നാസ്യോസ് വാങ്ങിച്ച് മുദ്ര പൊട്ടിച്ച് അറിഞ്ഞ് ആവലാതി ബോധിപ്പിക്കുന്നതിനു നിശ്ചയിക്കയും ചെയ്തു. ഇങ്ങനെയിരിക്കുമ്പോൾ 1846 മത ചിങ്ങമാസം 16-നു ബാവാ കൊച്ചിയിൽ മാലിപ്പുറത്ത് വന്നുചേ രുകയും ചെയ്തു. അതിന്റെ ശേഷം എല്ലാവരും അവിടെ എത്തി കരയി റങ്ങിയതിന്റെശേഷം മുൻ 1835 മത വന്ന ബാവായെ ഈ മെത്രാൻ മുഖാ ന്തിരം കയറ്റി അയച്ചിരിക്കകൊണ്ട് അതിന്മണ്ണം വരാതിരിപ്പാൻവേണ്ടി ദീവന്നാസ്യോസിനെ കൊണ്ട് ഒഴിഞ്ഞ് എഴുതിക്കണമെന്നും ആയതിനു കടലാസ് മുദ്ര പൊട്ടിച്ച കാര്യം ഭയത്തിനു ഹേതുവാക്കി തീർക്കത്തക്ക വണ്ണം ഞാൻ നിശ്ചയിച്ചുംകൊണ്ട് മുദ്ര പൊട്ടിച്ച കടലാസ് ദീവന്നാസ്യോ സിനോടു വാങ്ങിച്ചു പോകരുതെന്നും മാലിപ്പുറത്തു വച്ചു കുറിച്ചു ബാവാ യുടെ കയ്യിൽ കൊടുക്കയും ചെയ്തു.

79. ബാവായും അനുജൻ ഗബ്രിയേൽ മക്കുദിശായും ഇരുമീശെ പള്ളി യിൽ വന്നു ദീവന്നാസ്യോസുമായി കണ്ടതിന്റെശേഷം മുദ്ര പൊട്ടിച്ച ക ടലാസ് ഞാൻ പറഞ്ഞതിന്മണ്ണം ദീവന്നാസ്യോസിൽ നിന്നും വാങ്ങിച്ച തുമില്ല. പിന്നത്തേതിൽ ബാവാ വന്ന വിവരത്തിനും മറ്റും എല്ലാ

സ്ഥലങ്ങളിലും എഴുതണമെന്നും ദീവന്നാസ്യോസിനോടു പറഞ്ഞാറെ ആയതു അനുസരിക്കാഴികകൊണ്ടു കടലാസ് മുദ്ര പൊട്ടിച്ച സംഗതിക്കു തക്ക പോലെ വിചാരിക്കുമെന്നും മറ്റും നല്ലതിന്മണ്ണം ഭയപ്പെടുത്തി പറ യുകയും പിന്നീട് എഴുതുകയും ചെയ്തു.

ആയതിന്റെ പകർപ്പ്. ഇതിന്റെ ഇംഗ്ലീഷ് തർജ്ജമ 4-ാം പുസ്തകം 21-ാമതു ലക്കത്തിൽ കാണാം.

മഹാരാജമാന്യരാജശ്രീ റസിഡണ്ട് സായിപ്പവർകളുടെ സമക്ഷത്തി ലേക്കു മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുതി ബോധിപ്പിക്കുന്നത്.

എന്നാൽ മാരാമണ്ണു പള്ളിയിൽ പാലക്കുന്നത്ത് അബ്രഹാം കത്ത നാരും അയാളുടെ അനന്തിരവൻ മത്തായി ശെമ്മാശു മുതലായിട്ടു ചില ആളുകളും സുറിയാനി മതമര്യാദകളെ വിട്ട് അവരുടെ സ്വമേധയാൽ ചില മതമര്യാദകളും പള്ളിക്രമങ്ങളും ഉണ്ടാക്കി നടക്കയാൽ അവരെ സുറിയാനി സഭയിൽനിന്നും തള്ളി ആ വിവരത്തിനു എല്ലാ സുറിയാനി മെത്രാപ്പോലീത്തന്മാരുടെയും മേലധികാരിയാകുന്ന ഏറ്റവും ബഹുമാ നപ്പെട്ടിരിക്കുന്ന അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർ ക്കീസ് ബാവായ്ക്കു എഴുതി അയച്ചു അറിയപ്പെടുത്തിയിരിക്കുമ്പോൾ മലയാളത്തിലുള്ള സുറിയാനി സഭക്കാരുടെ എഴുത്തായിട്ടു ഒരു കള്ള എഴുത്ത് എഴുതിയുണ്ടാക്കിയുംകൊണ്ട് അയാൾ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ ചെന്നു ഒന്നിനൊന്നായിട്ടും പെരുമാറ്റമായിട്ടും വ്യാപ്തികൾ ബോധിപ്പിച്ചു മെത്രാനായി വന്നു തൊന്തരവുകൾ ഉണ്ടാ ക്കുന്ന സംഗതികൊണ്ട് ഇതിനു മുമ്പിൽ എഴുതി ബോധിപ്പിച്ചിട്ടുള്ള തല്ലോ ആകുന്നു. അയാളുടെ സംഗതി പ്രമാണിച്ചു ഏറ്റവും ബഹുമാന പ്പെട്ടിരിക്കുന്ന പാത്രിയർക്കീസ് ബാവായുടെ അടുക്കൽ എഴുതി ബോധി പ്പിച്ചാറെ സുറിയാനിക്കാരുടെ വേദമര്യാദപ്രകാരം പള്ളികൾ ഭരിക്കുന്ന തിനും മതമര്യാദ നടത്തുന്നതിനും ആയിട്ടു തുറബ്ദീൻ രാജ്യത്തുള്ള ബഹുമാനപ്പെട്ട മാർ കൂറിലോസ് യൂയാക്കീം മെത്രാപ്പോലീത്തായെ സ്താത്തിക്കോനും കൊടുത്തയയ്ക്കയും ഈ മാസം 16-നു വന്നുചേരു കയും കൊണ്ടു ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന പാത്രിയർക്കീസ് ബാവായുടെ സ്താത്തിക്കോനിൽ എഴുതിയിരിക്കുന്നപ്രകാരം മലയാള ത്തിലുള്ള സുറിയാനി പള്ളികൾ ഭരിച്ചു വേദമര്യാദകൾ നടത്തികൊ ള്ളുന്നതിനും കോട്ടയത്ത് സിമ്മനാരി ഉൾപ്പെട്ട കാര്യങ്ങൾ വിചാരിച്ചു നടത്തിക്കൊള്ളുന്നതിനും സമ്മതിച്ചു ബഹുമാനപ്പെട്ട മാർ കൂറിലോസ് യൂയാക്കീം മെത്രാപ്പോലീത്താ വശം ഏൽപിച്ചിരിക്കുന്നു. അതിനാൽ സുറിയാനി പള്ളികൾ ഉൾപ്പെട്ടും സിമ്മനാരി ഉൾപ്പെട്ടും അയയ്ക്കേണ്ടി വരുന്ന ഉത്തരവുകൾ ഒക്കെയും ബഹുമാനപ്പെട്ട മാർ യൂയാക്കീം

കൂറിലോസ് മെത്രാപ്പോലീത്തായ്ക്കു കൊടുത്തയപ്പാറാകണം.

എന്ന് 1846 മത (കൊല്ലം 1020-മാണ്ട്) ചിങ്ങമാസം 20-നു കൊച്ചിയിൽ പള്ളിയിൽ നിന്നും.

ഇതിന്മണ്ണം തിരുവിതാംകൂർ, കൊച്ചി രണ്ട് മഹാരാജാക്കന്മാരുടെ പേർക്കും ദിവാൻജിമാരുടെ പേർക്കും സായിപ്പിന്റെ പേർക്കും എഴുതി കൊച്ചി തപാലിൽ ഏൽപിച്ചു കൊടുത്തയയ്ക്കയും ചെയ്തു. ...

ഈ വിവരങ്ങൾക്കും തമ്മിൽ കാണേണ്ടുന്ന സംഗതി ഇടപെട്ടും റസിഡണ്ട് വില്യം കല്ലൻ അവർകൾ അന്ന് കൊച്ചിയിൽ ഇല്ലാത്തതിനാൽ അയാളുടെ പേർക്ക് ബാവായും എഴുതി കൊടുത്തയക്കയും ചെയ്തു.

## കാലം ചെയ്തു

118. 1855 മത കന്നി മാസം 27-നു ചൊവ്വാഴ്ച ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മരിച്ചു ചേപ്പാട്ടു പള്ളിയിൽ അടക്കുകയും അപ്പോൾ അത്താനാസ്യോസ് മെത്രാപ്പോലീത്താ കൂടെ ഉണ്ടായിരുന്നതിനാൽ ആ ദേഹം തന്നെ കബറടക്കം ചെയ്തു പുലകുളി മുതലായ അടിയന്തിരങ്ങൾക്കു പള്ളിക്കാരിൽ നിന്നും കോപ്പുകൾ വരുത്തി വേണ്ടുംപ്രകാരം കഴിക്കയും ചെയ്തു. ഈ സമയം കൂറിലോസ് ബാവാ പള്ളിക്കര പള്ളിയിൽ ഇരിക്കുന്നു. 105 മത ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള വസ്തുക്കൾ അന്ന് അത്താനാസ്യോസ് മത്തിയൂസ് മെത്രാപ്പോലീത്തായുടെ പക്കൽ കിട്ടിയതല്ലാതെ ദീവന്നാസ്യോസ് മരിച്ച സമയം ആ ദേഹത്തിന്റെ വകയായിട്ടു യാതൊന്നും ഇല്ലാഞ്ഞു. ...

പന്ത്രണ്ട് പേട്ടു കത്തങ്ങൾ കൂടി എഴുതിയതു മിഷണറി പ്രസ്സിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ പന്ത്രണ്ട് പേര് അതിൽ എഴുതിയിരിക്കുന്നതിൽ ഒടുക്കത്തെ പേര് മലയാളത്തിൽ ഉള്ള എല്ലാ കത്തങ്ങളേക്കാൾ അധികം പ്രായം ചെന്നും പ്രായം കൊണ്ട് കൃഷ്ണമണി രണ്ടും ചുണ്ണാമ്പുപോലെ വെളുത്തും ഇരിക്കുന്ന കല്ലിച്ചേരിൽ ചെമ്പകച്ചേരിൽ ഇട്ടൻ കത്തനാരുടേതാകുന്നു. അതിനെകുറിച്ച് നിരൂപിച്ചാൽ അയാളുടെ അവസ്ഥ അറികയും ...

പിറവത്തു പള്ളിയിൽ വികാരിയായിട്ടാക്കി പിന്നത്തേതിൽ ഈശോ മിശിഹായുടെ ശിഷ്യന്മാരുടെ കൂട്ടത്തിൽ നിന്നു തന്നെ ദ്രവ്യമോഹം കൊണ്ടു യൂദാസ്കറിയോത്താ തനിക്കു വിപരീതിയായിട്ടു പുറപ്പെട്ടതു പോലെ എരുത്തിക്കൽ മർക്കോസ് കത്തനാരും പാലക്കുന്നത്തു അബ്രഹാം കത്തനാരും അടങ്ങപ്പുറത്തു യൗസേപ്പ് കത്തനാരും കൈതയിൽ വർഗീസ് കത്തനാരും സുറിയാനി മതത്തിനു വിരോധമായിട്ടു പുറപ്പെട്ടു സുറിയാനിക്കാരുടെ കാനോനാപ്രകാരം നടന്നുവരാഴികകൊണ്ട്

ആയതു നടത്തിക്കണമെന്നു മറ്റും ചില കത്തങ്ങളെയും കൂടെ കൂട്ടി ഒരു സാധനവും നടത്തിക്കേണ്ടുന്നതായിട്ടു 17 കൂട്ടം സംഗതികൾക്കു വിവരവും മെത്രാപ്പോലീത്തായ്ക്കു അവർ എഴുതി കൊടുത്തയക്കുകയും ചെയ്തു. ഈ ചൊകം വരുത്തിയിട്ട് എന്താവശ്യമെന്നും ഈ പണത്തിൽ വിറ്റ് പിച്ചക്കാർക്കു കൊടുക്കണമായിരുന്നു എന്ന് സ്കറിയോത്താ പറഞ്ഞ മൊഴിക്കു ഇവരുടെ എഴുത്തു സമമായിരിക്കുന്നു. അതു തന്നെയുമല്ല പാതിരിമാർക്കു ഇവർ നല്ലവരെന്നു തോന്നുവാനായിട്ടു ചെറിയപള്ളിയിലും മാരാമണ്ണു പള്ളിയിലും ഉണ്ടായിരുന്ന കബറുകൾ ഇവർ പറിച്ചു കളയുകയും ചെയ്തു. എന്നാൽ ഇവർ ദ്രവ്യത്തിന്മേൽ അത്യാഗ്രഹമുള്ളവരാകകൊണ്ടും ഉണ്ണികളെ നുള്ളി നിലവിളിപ്പിച്ച് അപ്പം കൈക്കലാക്കുന്ന കള്ളി തള്ളമാരെപ്പോലെയും വയറ്റിനുവേണ്ടി തന്നത്താൻ വെട്ടി മുറിച്ചു രക്തം ഒലിപ്പിച്ചുകാട്ടി ഭിക്ഷ ചോദിക്കുന്ന ഫക്കീറന്മാരെ പോലെയും ഇപ്രകാരം ഇവർ സുറിയാനിമതത്തെ നൊമ്പരപ്പെടുത്തുകയത്രെ ചെയ്തുവരുന്നത്.

**സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്**

*(ഈ ഗ്രന്ഥത്തിൽ പല സ്ഥലത്ത് പേര് പരാമർശിക്കപ്പെടുന്ന ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ എഴുതിയ ഡയറിക്കുറിപ്പുകളിൽ നിന്നും. ഇടവഴിക്കൽ കുടുംബത്തിലെ വൈദികർ എഴുതിവന്ന നാളാഗമത്തിലെ പ്രസക്തമായ സഭാചരിത്ര വിവരങ്ങൾ സമാഹരിച്ച് ജോയ്സ് തോട്ടയ്ക്കാട് പ്രസിദ്ധീകരിച്ച മലങ്കരസഭാ ചരിത്രരേഖകൾ എന്ന ഗ്രന്ഥത്തിൽ നിന്നും.)*